# MALAYALIM HYMNS.

—o—

പരസ്യമായുള്ള

വന്ദനെക്ക വെണ്ടി

ഉണ്ടാക്കീട്ടുള്ള

# ജ്ഞാനകീൎത്തനങ്ങൾ.

*Second Edition.*

COTTAYAM:

PRINTED AT THE CHURCH MISSION PRESS.

1854.

# ജ്ഞാനകീൎത്തനങ്ങൾ.

—o—

പ്രാൎത്ഥനെക്ക മുമ്പെ.

൧ L. M. B.

൧ ഇപ്പോൾ അൻപുള്ള യേശുവെ
നിൻ സഭയിൽ വരേണമെ
നിൻ കൃപ തന്ന ഞങ്ങൾക്ക
നിൻ വാഗ്വിശേഷം കാണിക്ക.

൨ വിശ്വാസമായ ദാനത്തെ
നിൻ ജനത്തിന്റെ ഉള്ളിലെ
നീ വൎദ്ധിപ്പിച്ചു സ്ഥാപിക്ക
ആത്മാവും കൂടി തരിക.

—o—

൨ L. M. B.

൧ മഹാ വിശുദ്ധ ദൈവമെ
നിൻ വീട്ടിൽ വന്ന ഞങ്ങളെ
ആത്മാവു കൊണ്ടു പൂരിക്ക
ഒരൊ ജനം ശുദ്ധീകരിക്ക.

൨ നിൎയ്യോഗ്യരായ ഞങ്ങളെ
നിൻ പാദത്തിന്റെ അരികെ
നിൻ പുത്രനായ മശിഹാ
നിമിത്തം ചേൎത്തുകൊള്ളുക.

൩ ഠരം സഭയുടെ നടുവെ
നിൻ ദയയുള്ള മുഖത്തെ
നിൻ ഇഷ്ടന്മാൎക്ക കാണിച്ചു
സന്തോഷത്തോടെ അയക്ക.

——o——

൩ L. M. B.

൧ നിൻ കൃപയാലെ ദൈവമെ
നിൻ ഭൃത്യരായ ഞങ്ങളെ
അനുഗ്രഹിച്ചെല്ലാവൎക്കും
നിൻ ഹിതമൊക്കെ കാട്ടെണം.

൨ നിൻ വാക്ക കൊണ്ട ഞങ്ങളെ
സല്പ്രാപ്തന്മാർ ആക്കെണമെ
ആത്മാവിലുള്ള ഭക്തിയും
നീ ദയയോട തരണം.

൩ നിൻ ഇഷ്ടമുള്ള പുത്രനെ
ഉയൎത്തി ആക്കപ്പെടട്ടെ
തൻ ശുദ്ധമുള്ള രാജ്യവും
നീ ഇന്നെ വൎദ്ധിപ്പിക്കണം.

൫ 7. 8. IIb.

൧ നിത്യനായ ആത്മാവെ
സഭയിൽ വരേണമെ
ക്രിസ്തുവിനെ ഞങ്ങൾക്ക
കൃപയോടെ കാണിക്ക.

——o——

പ്രസംഗം കഴിഞ്ഞിട്ട.

൬ 8s. & 7s. D.

൧ യെശുവായ രക്ഷിതാവിൻ
കരുണ വിശേഷവും
തൻെറ ജനത്തിൻെറ ഉള്ളിൽ
എന്നന്നേക്കും വാഴണം.

൨ ഇതിന്മണ്ണും തൻ പിതാവ
തൻെറ പ്രിയം തരണം
ശുദ്ധമുള്ള ആത്മം കൂടെ
ഞങ്ങളിൽ ഇരിക്കെണം.

൩ അപ്പോൾ ഞങ്ങൾ ഒരുമിച്ച
പ്രിയത്തോടെ ഇരിക്കും
ദിവ്യ സൌഖ്യം അനവധി
ഉള്ളിൽ അനുഭവിക്കും.

൬ L. M. D.

൧ മുമ്മൂൎത്തിയായ ഏകനെ
വിശുദ്ധനായ ദൈവമെ
നിൻ നാമത്തിന്റെ അത്ഭുതം
പ്രകാശിപ്പിച്ചു കൊള്ളണം.

൨ പിതാവ പുത്ര ആത്മാവെ
ഒരു ത്രിത്വത്തിങ്കൽ എന്നുമെ
എൻ മനസ്സിന്റെ ഉറപ്പു
സൽകൃപ കൊണ്ടു സ്ഥാപിക്ക.

———o———

സ്വസ്ഥനാളിന.

൭ L. M. Hg.

൧ യഹോവാ സ്വസ്ഥനാളിനെ
ഉണ്ടാക്കി ശുദ്ധീകരിച്ചു:
തൻ സൃഷ്ടി എല്ലാം നോക്കീട്ടു,
അശേഷം അനുഗ്രഹിച്ചു.

൨ ആകാശം ഭൂമി ഒക്കെയിൽ
നാം തന്റെ സ്നേഹം കാണുന്നു:
തൻ അത്ഭുത പ്രവൃത്തികൾ
എന്നേക്കും നിലനില്ക്കുന്നു.

൩ സുബുദ്ധിയുള്ളവർ എല്ലാം
കൎത്താവിൻ ക്രിയയെ ഓൎക്കും:
തൻ കൃപ ജ്ഞാനം ഹേതുവായി
എന്നേക്കും തന്നെ സ്തുതിക്കും.

൪ വിശേഷാൽ സ്വസ്ഥനാളിലും
കൎത്താവ വീണ്ടും ഉയൎത്തു:
താൻ പാപ ശക്തി നീക്കീട്ട
താൻ സാത്താനെ തോല്പിച്ചു.

൫ യഹോവായായ യേശുവെ!
നിൻ പൂൎണ്ണ വേല ഒക്കെക്കും
നാം നിന്നെ എന്നും സ്തുതിച്ചു,
നിൻ രക്ഷയിൽ സന്തോഷിക്കും.

*Morning* —o— *Hymn*

൮ L. M. B.

൧ കൎത്താവ നാളിൻ ശാബത
സന്തോഷകരമുള്ളത
യഹോവായുടെ വരവും
തൻ ജനത്തിൻെറ പ്രിയവും.

൨ വിശുദ്ധന്മാരും ഇതിലെ
കൃപാസനത്തിൻ അരികെ
തൻ സ്തുതി, ശക്തി, മഹത്വം,
പ്രശംസിച്ചിട്ട പ്രാൎത്ഥിക്കും.

൩ എന്നാൽ ൧൦ം കൃപ ഒക്കവെ
൧൦ം കാലത്തിന്ന മാത്രമെ
മേലാൽ ആനന്ദം ഏററവും
സജ്ജനം അനുഭവിക്കും.

൪ സന്ദേഹം പാപം ദീനവും
വിശ്വാസത്തിന്റെ കുറവും
ഇല്ലാതെ ആകും അന്നത്തെ
സന്തോഷം പൂൎണ്ണ സൌഖ്യമെ.

———o———

ക്രിസ്തുവിന്റെ രണ്ടാം വരവിന്ന.

൯ L. M. Hg.

൧ കൎത്താവ വരും! ലോകവും
പഞ്ചഭൂതങ്ങൾ ഒക്കെയും
ആ നാളിൽ ചുട്ട ഉരുകും;
യഹോവാ അപ്പോൾ വിധിക്കും.

൨ കൎത്താവ വരും! അഗ്നിയിൽ
താൻ വെളിപ്പെട്ട, ക്ഷണത്തിൽ
തൻ വാക്കിനാൽ എല്ലാരെയും
താൻ ഉയിൎത്തെഴുന്നേല്പിക്കും.

൩ കൎത്താവ വരും! അപ്പോഴും
തൻ ജനത്തിന്ന ഭാഗ്യവും
ക്രിസ്തുവിങ്കൽ ആശ്രയിച്ചാൽ,
അവൎക്ക രക്ഷ ആതിനാൽ.

൪ കൎത്താവ വരും! അപ്പോഴും
ദുഷ്ടന്മാൎക്ക ശിക്ഷ കിട്ടും
എന്നാൽ തൻ ഭക്തർ എപ്പോഴും
ആനന്ദിച്ച സന്തോഷിക്കും.

——o——

Calvary

൧൦ 8. 7. 4. Ug.

൧ ഇതാ കുററക്കാൎക്ക വേണ്ടി
മരിച്ചവൻ ഇറങ്ങും;
ശുദ്ധിമാന്മാർ അവനോട
കൂടെ മേഘത്തിൽ വരും
അല്ലെല്ലൂയ!
യേശു വാഴുവാൻ വരും.

൨ അപ്പോൾ അവനെ വിററവർ
ഭയത്തോട ഇരിക്കും;
മരത്തിന്മേൽ തറെച്ചോരും
പരിഹസിച്ചരും
ദുഃഖത്തോട,
ദൈവപുത്രനെ കാണും.

൩ ആഗ്രഹിക്കത്തക്ക കാലം
ശീഘ്രം ശീഘ്രം വരുന്നു;
അന്ന ശുദ്ധന്മാൎക്ക ഭാഗ്യം
തികവായിട്ടു വരും
അല്ലെലൂയ!
ഭാഗ്യകാലം വരുന്നു.

൪ അപ്രകാരം രക്ഷിതാവെ!
സൎവ്വം നിന്നെ തൊഴട്ടെ;
ശക്തി സ്തുതി അധികാരം
നീ കൈക്കൊണ്ടു രാജ്യത്തെ
വേഗത്തോട,
അനുഭവിക്കേണമെ.

———o———

൧൧ 8. 7. 4. B.

൧ എന്നെ വീണ്ടു കൊണ്ടിട്ടവൻ
ജീവനോടിരിക്കുന്നു
അന്ത്യ കാലം വരുമവൻ
എന്ന ഞാൻ ഗ്രഹിക്കുന്നു
ഹല്ലെലൂയ, ഹല്ലെലൂയ, രക്ഷിതാവ
[വാഴുന്നു.

൭ തോലിയോട എൻ ശരീരം
നാശം ഭവിച്ചാകിലും
ഭൂമിയിങ്കൽ നില്ക്കുന്നത
എന്റെ കണ്ണു കണ്ടീടും
ഹല്ലെലൂയ—ഇത്യാദി.

൮ വേറെ കണ്ണു കൊണ്ടതല്ല
വീണ്ടു കൊണ്ടിട്ടിവനെ
എന്റെ കണ്ണു കൊണ്ടു തന്നെ
അപ്പോൾ കാണും ഇവിടെ
ഹല്ലെലൂയ—ഇത്യാദി.

൯ യേശു നിന്റെ രക്തം കൊണ്ട
കൊള്ളപ്പെട്ട ഞങ്ങളെ
കൃപയോട ജീവിപ്പിച്ച
തീൎത്ത രക്ഷിക്കേണമെ
ഹല്ലെലൂയ—ഇത്യാദി.

———o———

ക്രിസ്തു ജനിച്ച നാളിന്ന.

൧൨ [illegible] M. B.

൧ യെശു ഇന്ന ജനിച്ചു
ദൈവം അവതരിച്ചു
നമ്മളെ രക്ഷിപ്പാൻ

ദൈവത്തിന്ന സ്തോത്രം
സ്തോത്രം സ്തോത്രം സ്തോത്രം
ദൈവത്തിന്ന സ്തോത്രം
നാം എല്ലാരും പാടട്ടെ.

൧ ദാവീദിൻെറ ഗ്രാമത്തിൽ
ബെതലഹേം എന്നുള്ളതിൽ
ഒരു ജനനം ഉണ്ടായി
ദൈവത്തിന്ന—ഇത്യാദി.

൨ ദൈവദൂതന്മാർ വന്നു
ലോകരോട പറഞ്ഞു
ഒരു സുവിശേഷത്തെ
ദൈവത്തിന്ന— ഇത്യാദി.

൩ ദൈവത്തിന്ന മാനവും
മനുഷ്യൎക്ക പ്രീതിയും
സംപൂൎണ്ണമായ്വന്നു
ദൈവത്തിന്ന—ഇത്യാദി.

൪ വൃദ്ധന്മാർ എല്ലാ[illegible]
ശേഷം ജനം ഒക്കെയും
ഒന്നിച്ചു പാടണം
ദൈവത്തിന്ന—ഇത്യാദി.

൧൩ 7s. D.

൧ ദൈവ പുത്രനായവൻ
ഭൂമിയിങ്കൽ ജനിച്ചു
സൎവ്വശക്തിയുള്ളവൻ
ഇന്നെ അവതരിച്ചു.

൨ ശിശുവായ അവനെ
ദൂതർ കണ്ടു സ്തുതിച്ചു
വിദ്വാന്മാരും കാക്കളിലെ
കാഴ്ച വച്ചു വന്ദിച്ചു.

൩ രാജൻ ജനിച്ചാകയാൽ
ഹെരോദേസും പേടിച്ചു
കൊല്ലുമെന്ന ഭാവത്താൽ
ശിശുക്കളെ കൊല്ലിച്ചു.

൪ യേശു എന്ന രക്ഷകൻ
ശത്രുക്കൂട്ടം ജയിക്കും
നരകത്തിൻ അധിപൻ
നാശം അനുഭവിക്കും.

൫ ദൈവ ഭക്തിയുള്ളോരെ
യേശുവിൽ സന്തോഷിപ്പിൻ
തന്റെ രക്ഷയിങ്കലേ
നന്ദിയോടെ ഇരിപ്പിൻ.

൧൪ L. M. Hg.

൧ ഹാ രക്ഷ! ഇമ്പ സ്വരമെ!
എത്ര സന്തോഷമാം
എൻ മുറിവുള്ളാത്മാവിന്ന
നീ ദിവ്യ ഔഷധം.

൨ ഹാ രക്ഷ! ഭാഗ്യ ശബ്ദത്തെ
നാം അറിഞ്ഞാൽ കൊള്ളാം;
അപ്പോൾ നാം രക്ഷിതാവിനെ
സ്നേഹിച്ചു തോഷിക്കം.

൩ എൻ കൎത്താവായ യേശുവെ
നീ മോചിക്കേണമെ;
ദൈവാത്മമൂലം രക്ഷയെ
ഇനിക്കു വരട്ടെ.

൪ സ്തുതി ശക്തി മാനം ഒക്കെ
ആട്ടിൻ കുട്ടിക്കാകട്ടെ;
യേശു ക്രിസ്തു രക്ഷിതാവ
അല്ലെലൂയ! അല്ലെലൂയ!
അല്ലെലൂയ! ആമെൻ.

൧൭ .    8. 7. 4.    B.

൧ അന്യനായ എന്നെ യേശു
വനത്തിങ്കൽ തിരക്കി
കൂട്ടംവിട്ടു പോയ എന്നെ
അവൻ വീണ്ടും വരുത്തി
ദയയോടു, ദയയോടു, ദയയോടു
അവൻ വീണ്ടും വരുത്തി.

൨ സിംഹ വായിൽ ചെന്ന പോയ
എന്നെ അവൻ അറിഞ്ഞു
തന്റെ ജീവൻ കയ്യിൽ വച്ചു
ഓടി വന്ന രക്ഷിച്ചു
ദയയോടു, ദയയോടു, ദയയോടു
ഓടി വന്ന രക്ഷിച്ചു.

൩ ഇഷ്ടപ്പെട്ട കൂട്ടക്കാരെ
പ്രിയം ഉണ്ടൊ ഇതിലെ?
പ്രിയം തന്നെ ഇതിന്നൊപ്പം
കാണ്മാനില്ല എങ്ങുമെ
മറൊക്കാനും, മറൊക്കാനും, മറൊക്കാനും
കാണ്മാനില്ല എങ്ങുമെ.

൪ ഇന്ന മുതൽ എന്റെ യേശു
എന്റെ രക്ഷകാരൻ ആം
തന്റെ സ്തുതി സ്വരോടും
പാടി ചൊല്ലുകയും ആം
എന്നന്നേക്കും, എന്നന്നേക്കും, എന്ന
[ന്നേക്കും
പാടിചൊല്ലുകയും ആം.

———o———

ക്രിസ്തു മരിച്ച നാളിന്ന.

൧൩ C. M. IIg.

൧ എൻ രക്ഷിതാവ ദുഃഖിച്ചു,
എൻ രാജൻ മരിച്ചോ?
താൻ പാപമുള്ള ഇനിക്ക
ഇതെല്ലാം സഹിച്ചോ?

൨ ഇത ചെയ്യു കർത്താവെ നീ
ഇനിക്ക സ്നേഹം ആയി;
ഇത മഹാ അത്ഭുതം ആയി
ചെയ്യു കർത്താവെ നീ.

൩ എൻ പാപം മൂലം നാണിച്ചു
എൻ മുഖം മറെക്കും;
നിൻ സ്നേഹം ഹേതു സ്തുതിച്ചു
മഹത്വപ്പെടുത്തും.

൧൭ Easter Hymn 7s. B.

## ക്രിസ്തുവിന്റെ ഉയിൎപ്പ്.

൧ ക്രിസ്തു വീണ്ടും ജീവിച്ചു അല്ലേലൂയ
ശത്രു കൂട്ടം തോററിതു അല്ലേലൂയ
മേൽ ലോകങ്ങളും പാടട്ടെ അല്ലേലൂയ
ഭൂമി സ്തുതി നല്കട്ടെ. അല്ലേലൂയ

൨ മുറിവേററ തിരുകാൽ അല്ലേലൂയ
മൃത്യുവിന്റെ കയ്യിനാൽ അല്ലേലൂയ
ശത്രുവിന്റെ തലയെ അല്ലേലൂയ
ക്രിസ്തു ചതച്ചുടനെ. അല്ലേലൂയ

൩ കീഴ്‌ലോകത്തിൻ വാതലിൻ അല്ലേലൂയ
താക്കോൽ കിട്ടി പ്രഭുവൻ അല്ലേലൂയ
തുറന്നിട്ടു ശുദ്ധന്മാർ അല്ലേലൂയ
എഴുനീററനേകം പേർ. അല്ലേലൂയ

൪ ഘോഷിപ്പിൻതൻ ജനമെ അല്ലേലൂയ
വാഴ്ത്തുവിൻ തൻ നാമത്തെ അല്ലേലൂയ
ക്രിസ്തു യേശു രക്ഷകൻ അല്ലേലൂയ
എന്നുമെ പരാപരൻ. അല്ലേലൂയ

എഴുന്നിറ്റ മശിഹാ
മരിച്ചവൻ ജീവിച്ചു
പാറ മുദ്ര കാവൽകാർ
വൃഥാൽ ശത്രു സ്ഥാപിച്ചു.

൨ ശുദ്ധമുള്ള കൂട്ടരിൽ
പലർ കൂടെ ജീവിച്ചു
യേശു തന്റെ ശക്തിയിൽ
ഘോഷത്തോടെ ജയിച്ചു.

൩ മേലിൽ എന്നും ജീവിക്കും
മൃത്യു തന്റെ ദാസനായി
നരകത്തിൻ വാതിലും
തന്റെ കൈക്കു കീഴെ ആയി.

൪ ജീവിക്കുന്ന കർത്താവെ
ഞങ്ങൾക്കുള്ള പാപതാം
നീക്കിക്കൊണ്ട ഞങ്ങളെ
ജീവിപ്പിച്ചു കൊള്ളണം.

൫ ഇഹലോക പ്രിയത്തെ
ബന്ധം വിട്ടു അയക്ക
ഞങ്ങൾക്കുള്ള ആശയെ
ഉയരത്തിൽ ആക്കുക.

൨൩ [illegible] IIg.

൧ താഴെ സഭ മേലിൽ സൈന്യം
ഒരുമിച്ചു പാടട്ടെ:
യേശുവിൻറ നിത്യ ജയം
ഇന്ന വാഴ്ത്തപ്പെടട്ടെ.

൨ സ്വൎഗ്ഗത്തിങ്കലേക്ക അവൻ
നമുക്കായി പ്രവേശിച്ചു:
പരിശുദ്ധാത്മാവിൻ ദാനം
അതിനാലും ലഭിച്ചു.

൩ താൻ മത്സരക്കാൎക്ക വേണ്ടി
മദ്ധ്യസ്ഥത ചെയ്യുന്നു:
തന്നാൽ ദൈവം എല്ലാരെയും
ക്ഷമിച്ചു കൈക്കൊള്ളുന്നു.

൪ ഇനി നാം സന്തോഷപ്പെട്ടു,
ഭയം എല്ലാം മാറുക:
യേശു ക്രിസ്തു മൂലം മാത്രം
നിത്യ മോക്ഷം ലഭിക്ക.

൫ കണ്ടാലും! യേശു മരിച്ചു
തൻ ശുദ്ധിമാന്മാർ കരഞ്ഞു;
ഇരുൾ ആകാശത്തെ മൂടി,
ഭൂമിയും കൂടെ ഇളകി.

൬ എന്നാൽ ആ ദുഃഖഭാവത്തെ
വിട്ടൊഴിഞ്ഞ സന്തോഷത്തെ;
ക്രിസ്തു സാത്താനെ ജയിച്ചു,
അവൻ ഇന്ന ഉയരുന്നു.

൭ രാജാവെ, എന്നും വാഴ്ക!
വീണ്ടെടുപ്പാൻ നീ ജനിച്ചു:
നീ ഞങ്ങളെയും രക്ഷിപ്പാൻ
മരിച്ചിട്ടു ജീവിക്കുന്നു.

൮ നിൻ ജയം എങ്ങു സാത്താനെ?
നിൻ മുള്ള് എങ്ങു മൃത്യുവെ?
കർത്താവ എല്ലാം തോല്പിച്ചു:
എല്ലാത്തിന്മേൽ താൻ വാഴുന്നു.

൨൫ L. M. B.

ക്രിസ്തുവിന്റെ കരേററം.

൧ കരേറിപ്പോയി എൻ കൎത്താവെ
അനേകം ദൂതർ കൂടവെ
മേൽ ലോക സൈന്ന്യം അത്രയും
സംകീൎത്തിച്ചു ആരോഹണം.

൨ സ്വൎല്ലോകത്തിന്റെ വാതുക്കൽ
വിസ്തീൎണ്ണമായി വെച്ചശ്ചിപ്പോൾ
തൻ രക്തം മൂലം പാലതം
സന്തോഷമായി പ്രവേശിക്കം.

൩ സിംഹാസനത്തെ പ്രാപിച്ചു
സൎവ്വാധികാരി ആയിതു
വിമോക്ഷം തരം പാപിക്കു
തൻ നീതിയിൽ വിശ്വാസവും.

൪ മേൽ ലോകത്തിന്റെ സൈന്ന്യവും
ഭൂലോകത്തുള്ള സഭയും
മഹത്വപ്പെട്ട ഇവനെ
കൊണ്ടാടി സ്തുതി പാടട്ടെ.

൨൩ • C. M. Hg.

൧ മഹത്വ ദൈവ ദൂതരെ !
ഘോഷിച്ചസ്തുതിപ്പിൻ
എന്നേക്കമുള്ള രാജനെ
കൈക്കൊണ്ട വന്ദിപ്പിൻ.

൨ ഠരം രാജാവാരെന്ന വെച്ചാൽ,
യഹോവാ താൻ തന്നെ;
താൻ യുദ്ധത്തിങ്കൽ ബലവാൻ,
വാഴുന്നു എന്നുമെ.

൩ നാം എല്ലാ സ്തുതി മഹത്വം
എപ്പോഴും കൊടുക്ക:
നാം അവനിൽ ആശ്രയിച്ചു;
മേലോട്ടു നോക്കുക.

൪ എന്നാൽ താൻ ഇനി വരുമ്പോൾ
മഹത്വത്തിൽ കാണും;
തന്നോട കൂടെ ജയിച്ചു,
നാം എന്നും ഭരിക്കും.

൨൭ S. M. B.

പരിശുദ്ധാത്മാവിന്റെ നാളിന്ന.

൧ ആശ്വാസ പ്രദനെ
എന്നേക്കും വാഴക
നിൻ സഭ നിന്റെ ആലയം
അതിൽ പ്രവേശിക്ക.

൨ കൎത്താവിൻ ശിഷ്യരെ
നീ പണ്ടെ മശിച്ചു
തിജ്വാല നാവു രൂപമായി
സമ്പ്രാപ്തികല്പിച്ചു.

൩ നിൻ സഭ ആയത
നിൻ സ്വൎഗ്ഗം എന്നുമെ
നിൻ ദിവ്യദാനം അതിന
ഇപ്പോൾ തരേണമെ.

൪ നിൻ ജനം ഇവിടെ
ആലസ്യപ്പെട്ടിത
നിൻ കൃപ കൊണ്ട അവരെ
ആശ്വസിപ്പിക്കുക.

൫ നീ മേലിൽ നിന്ന വാ
വിശുദ്ധനായോനെ
നിന്നോട നോക്കുന്നവരെ
അനുഗ്രഹിക്കുകാ.

൨൬ L. M. Hg.

൧ സൃഷ്ടാവായുള്ള ആത്മാവെ!
നീ ആദിയിൽ ഭൂലോകത്തെ
ഉണ്ടാക്കി, അലങ്കരിച്ചു
സ്ഥാപിച്ചു, ശുദ്ധീകരിച്ചു:
കാത്തിരിക്കുന്ന സഭയെ
ഇക്കാലം ദർശിക്കേണമെ.

൨ അയോഗ്യരായ ഞങ്ങളെ
സഹായിച്ചു, താങ്ങേണമെ:
ദുശ്ശീലത്തെ ശമിപ്പിച്ചു,
മോക്ഷത്തിൻ വഴി കാണിച്ചു,
അരിഷ്ടരായ ഞങ്ങൾക്കു
ദിവ്യ ആശ്വാസം തരിക.

൩ മഹത്വം സ്തുതി എന്നുമെ
പിതാവിന്നു ഉണ്ടാകട്ടെ:
തൻ നിത്യമുള്ള പുത്രനും
ദിവ്യ ആശ്വാസ പ്രദനും
പ്രഭാവം സ്തോത്രം ഒക്കവെ
എന്നേക്കും പാടപ്പെടട്ടെ.

൪ എന്നാൽ എൻ ദുഃഖം സ്നേഹവും
പോരാത്തതാകുന്നു;
കർത്താവെ, ഞാൻ എന്നെ തന്നെ
നിനക്ക തരുന്നു.

—o— Thomas

൨൭ 8s. & 7s. D.

൧ യെശു യേശു രക്ഷിതാവെ
എന്റെ മേൽ കടാക്ഷിക്ക
അതിപാപമുള്ള എന്നെ
ദയയോട രക്ഷിക്ക.

൨ നിന്റെ കഷ്ട അനുഭവം
മാത്രം എന്റെ ശരണം
നിന്റെ കുരിശിന്റെ കീഴെ
എന്നും ഞാൻ ഇരിക്കണം.

൩ എന്റെ പാപം കളയണം
എന്നെ ശുദ്ധീകരിക്ക
നിന്റെ രക്തത്തിങ്കൽ തന്നെ,
എന്റെ ആത്മം കുളിക്ക.

൪ ജീവനുള്ള വെള്ളം അത
ഉറവ വിശേഷമായി
കുടിക്കയൊ കുളിക്കയൊ
ചെയ്യുന്നോൎക്ക മോക്ഷം ആയി.

൨൮ L. M. B.

൧ തൻ കരിശിങ്കൽ അല്ലാതെ
പ്രശംസിച്ചാൽ എൻ ആത്മാവെ
ദുൎന്ന്യായം എന്ന അറിക
ആ ചിന്ത നീ ഉപേക്ഷിക്ക.

൨ തൻ മൂലം നീ ൟരം ലോകവും
പിശാച തന്ത്രം ഒക്കെയും
അഭായം ആക്കി എന്നാലും
സ്വാതന്ത്ര്യത്തിൽ നീ നടക്കും.

൩ തൻ ദയ തന്ന ഗുണത്തെ
നീ അനുഭവിച്ചീടുമെ
എന്നാലും തന്റെ മരണം
നിൻ ജീവൻ എന്ന ഓക്കണം.

൪ കൎത്താവെ നിന്റെ കഷ്ടവും
നിൻ രക്തമാം വിയൎപ്പും
എൻ മനസ്സായ പലകെ
നല്ലെഴുത്തായിരിക്കട്ടെ.

൫ നിൻ കൃപ സ്നേഹം മുതലാം
നീ ചെയ്തുചൊല്ലി ശേഷമാം
ഗുണങ്ങളിൽ സൽബുദ്ധിയെ.
എൻ ആത്മാവിൽ തരെണമെ.

൧൯ 11s.

൧ യെഹൂദൻ കഴിച്ചു
മൃഗങ്ങൾ ഒന്നിനും
പാപങ്ങൾ നീക്കുന്നതിന
സൽപ്രാപ്തി ഇല്ലൊട്ടും.

൨ എന്നാലും യേശുവെ!
നീ പാപം വഹിച്ചു;
നിൻ രക്തം ദിവ്യമുള്ളത,
നീ എല്ലാം തികെച്ചു.

൩ വിശ്വാസം നിന്റെ മേൽ
തൻ കയ്യെ വെക്കുന്നു:
എൻ കുററം ഏററു പറഞ്ഞാൽ,
നീ എന്റെതാകുന്നു.

൪ നീ ശാപം തീൎത്തത,
മഹാ സന്തോഷം ആം:
കുഞ്ഞാട്ടിന്നു നാം സ്തുതിച്ചു,
തൻ സ്നേഹത്തെ പാടും.

൨൦ 6 li[illegible] B.

൧ ക്രിസ്തു യേശു എവിടെ ?
ദുഷ്ട കൈകൾ കൊണ്ടല്ലൊ
എൻ ആത്മാവിൻ കാതലെ
നിന്നെ അവർ മുടിച്ചൊ ?
ഇല്ല വീണ്ടും ജീവിക്കും
ക്രിസ്തു ശത്രു ജയിക്കും.

൨ അല്പ കാലം പാറയിൽ
വെട്ടിട്ടുള്ള പാതാളം
യേശു തന്റെ താണ്മയിൽ
ആക്കി തന്റെ ഭവനം
അതിൽ യേശു കിടന്നു
അതും ശുദ്ധമായിതു.

൩ നിന്ദ്യം വേണ്ടാ ലോകരെ
തോററിതല്ല പ്രഭുവൻ
മിഷ്യൻ തന്റെ ശവത്തെ
വെടിഞ്ഞുള്ള ഉത്തമൻ
ദൈവത്തിന്റെ ശക്തിയും
കാണും ഇനി നിങ്ങളും

൨൯ S. M. IIg.

൧ വിശുദ്ധ ആത്മാവെ!
നിൻ സഭ ദശിക്ക:
അജ്ഞാനം ദുഃഖം കണ്ണീരും
അശേഷം മാറുക.

൨ നീ ഭയം സംശയം
ഇല്ലാതെ ആക്കുക:
കെടാത്ത സ്നേഹം ഞങ്ങളിൽ
നീ ജ്വലിപ്പിക്കുക.

൩ നീ ഞങ്ങളിൽ എന്നും
വസിച്ചു വാഴുക:
സാത്താനിൽനിന്നു ഞങ്ങളെ
എപ്പോഴും രക്ഷിക്ക.

൪ എന്നാൽ പിതാവിനെ
വന്ദിച്ചു സ്തുതിക്കും
പുത്ര ആത്മാവിനെ കൂടെ
മഹത്വപ്പെടുത്തും.

൩൦ L. M. Hg.

൧ ആത്മാവാകുന്ന ദൈവം
ആശ്വാസമായി നീ വരിക;
നീ ഉപദേശിയായും വാ
എപ്പോഴും ഞങ്ങൾക്കിരിക്ക.

൨ ആകാത്ത വഴിയിൽ നിന്ന
എല്ലാവരെയും രക്ഷിക്ക:
നിൻ ശുദ്ധ വാക്യം ഞങ്ങൾക്ക
നീ കൃപയോടെ കാണിക്ക.

൩ ഓരോരൊ മനസ്സുകളിൽ
വിശ്വാസം സ്നേഹം സ്ഥാപിക്ക:
മോക്ഷയാത്രയിൽ ഞങ്ങളെ
ഉറപ്പിച്ചിട്ട നിൎത്തുക.

൪ ആശ്വാസം ശുദ്ധി രക്ഷയും
നീ കൃപയായി തരിക:
യഹോവായോടെ വസിപ്പാൻ
എല്ലാവരെയും ഒരുക്ക.

൩൧ . . . B.

൧ ആത്മാവെ വന്ന എന്റെ മേൽ
നീ ഉദിക്കേണമെ
എൻ ശീതമുള്ള മനസ്സിൽ
നിൻ സ്നേഹം വരട്ടെ.

൨ ലൌകീക സ്നേഹം വൎദ്ധിച്ചു
ഞാൻ ക്ഷീണനാകുന്നു
നിൻ ദിവ്യദാനം തരാഞ്ഞാൽ
ഞാൻ തീരെ നശിച്ചു.

൩ ദിനെ ദിനെ ഞാൻ ചാകുന്നു
എൻ സ്നേഹം എവിടെ
കൎത്താവു പൂൎണ്ണ ഗുണവാൻ
ഞാൻ പാപി എന്നത്രെ.

൪ എൻ യേശുവിന്റെ സ്നേഹത്തെ
എൻ ഉള്ളിൽ കത്തുക
ഞാൻ പൂൎണ്ണനാകയാൻ ആത്മാവെ
നീ വാഴ്ത്തപ്പെടുക.

൩൧ IIg.

ത്രിയേകന്റെ ആശീൎവ്വാദം.

൧ യേശു കൃപ ദൈവ സ്നേഹം
ഞങ്ങളിൽ വസിക്കട്ടെ;
ശുദ്ധാത്മാവിന്റെ സംസൎഗ്ഗം
കൂടെ എന്നും ആകട്ടെ.

൨ ഇപ്രകാരം തമ്മിൽ തമ്മിൽ
ഉള്ളന്യോന്യമിരിക്കം
യേശുവിൻ നാം ദിവ്യ സ്നേഹം
എന്നും അനുഭവിക്കും.

—o— Helmsley/31

൩൨ 8. 7. 4. B.

൧ പാപികളെ കേട്ടുകൊൾവിൻ
അരുൾ ചെയ്യും തമ്പുരാൻ
നിങ്ങളുടെ മരണത്തെ
ആഗ്രഹിക്കുന്നില്ല ഞാൻ
എങ്കലേക്ക, എങ്കലേക്ക, എങ്കലേക്ക
താപത്തോടെ വരുവിൻ.

൨ പാപികളെ കേട്ടുകൊൾവിൻ
 അരുൾ ചെയ്യും യേശു താൻ
നിങ്ങളുടെ പാപം അത്രെ
 തീൎത്ത നീക്കിട്ടുണ്ട ഞാൻ
എങ്കലേക്ക, എങ്കലേക്ക, എങ്കലേക്ക
ബദ്ധപ്പെട്ടു വരുവിൻ.

൩ പാപികളെ കേട്ടുകൊൾവിൻ
 അരുൾ ചെയ്യും ആത്മാവും
ജീവനുള്ള വെള്ളത്തിന്ന
 ദാഹിക്കുന്ന സൎവ്വരും
എങ്കലേക്ക, എങ്കലേക്ക, എങ്കലേക്ക
മനസ്സോടെ വരുവിൻ.

൪ പാപികളെ കേട്ടുകൊൾവിൻ
 ദൈവത്തിന്റെ വിളിയെ
തന്റെ സഭ മനസ്സോടെ
 ചേൎത്തുകൊള്ളും നിങ്ങളെ
ശങ്കിക്കാതെ, ശങ്കിക്കാതെ, ശങ്കിക്കാ
വേഗം വന്ന ചേരുവിൻ. [തെ

൩൪ Derby

൩൪ L. M. D.

൧ വിതാവെ പ്രിയം ഞങ്ങൾക്ക
നി എന്നന്നേക്കും കാണിക്ക
നി ആമിയിങ്കൽ ആയത്തും
അനന്ത്യം കൂടെ ആകണം.

൨ പിതാവിൻ ഇഷ്ട പുത്രനെ
നീ ജയിച്ചു പിശാചിനെ
ആകാശ ഭൂമി നരകം
നിൻ കീൎത്തിയിങ്കൽ അത്ഭുതം.

൩ വിശുദ്ധാത്മാവെ വാഴ്ക
നിൻ സഭയിൽ നി ഇരിക്ക
ഹൃദയ ശുദ്ധി ഞങ്ങൾക്ക
സമ്മാനമായ്നീ തരിക.

൪ പിതാവ പുത്ര ആത്മാവെ
മുമ്മൂൎത്തിയായ ദൈവമെ
ഒന്നായ പ്രഭു യഹോവാ
എന്നേക്കും വാഴ്ത്തപ്പെടുക.

൩൭ IIg.

### ജ്ഞാനസ്നാനത്തിന്നശേഷം.

൧ കൃപയുള്ള രക്ഷിതാവെ!
പാപമുള്ള ഞങ്ങളെ
നിന്റെ വാഗ്ദത്ത പ്രകാരം
കേട്ടു കൈക്കൊള്ളേണമെ.

൨ നിന്റെ ദിവ്യ ആത്മം കൊണ്ടു
ഇവരെ നന്നാക്കുക:
നിൻ സഹായം, കൃപ രക്ഷ
കൂടെ എന്നും തരിക.

൩ ശത്രു ആപത്ത പരീക്ഷ
അവൎക്കുണ്ടു പലതും:
എന്നാൽ നിന്റെ ശക്തി കൊണ്ടു
എല്ലാം അവർ ജയിക്കും.

൪ ഇപ്രകാരം രക്ഷിതാവെ,
എല്ലാരെയും സൂക്ഷിക്ക:
കൃപ കൊണ്ടു പൂൎണ്ണമാക്കി,
നിത്യ മോക്ഷം തരിക.

൩൭ L. M. IIg.

### സ്ഥിരീകരണത്തിനു.

൧ കൎത്താവെ സ്വൎഗ്ഗത്തിൽ നിന്നു
നിൻ ഭൃത്യന്മാരെ നോക്കുക:
നീ അവൎക്ക സഹായിച്ചു,
വിശ്വാസം ധൈൎയ്യം കൊടുക്ക.

൨ നിൻ പരിശുദ്ധാത്മാവിനെ
ഓരോരുത്തനു കൊടുക്ക:
നീ എന്നന്നേക്കും അവരെ
സാത്താനിൽ നിന്നും രക്ഷിക്ക,

൩ എല്ലാവരെയും കൎത്താവെ;
പാപം കൂടാത കാക്കുക;
നിൻ ദിവ്യ ഇഷ്ടം ഞങ്ങളിൽ
സമ്പൂൎണ്ണമാക്കി തരിക.

൪ നിൻ വാഗ്ദത്ത പ്രകാരം നീ
അനുഗ്രഹിച്ചു രക്ഷിക്കും:
മേലാൽ നീ സ്വൎഗ്ഗത്തിലേക്ക
നിൻ ദാസന്മാരെ കൈക്കൊള്ളും.

൩൭ 8s. & 7s. Hg.

കൎത്താവിന്റെ അത്താഴത്തിന്ന.

൧ യേശു തന്റെ ദിവ്യ സ്നേഹം
ഇതിൽ തന്നെ കാണിച്ചു:
പാപത്തിന്റെ ദോഷം കൂടെ
ഓൎപ്പിപ്പാൻ നിശ്ചയിച്ചു.

൨ കുരിശിൽ എല്ലാൎക്കും വേണ്ടി
തന്റെ രക്തം ചിന്തിച്ചു
നമ്മെ എന്നും രക്ഷിപ്പാനും
ദൈവ കോപം സഹിച്ചു.

൩ കൃപയുള്ള രക്ഷിതാവെ!
നിന്റെ സ്നേഹം നിത്യമായി:
അത കൂടെ എന്നന്നേക്കും
നിലനില്ക്കും ഉറപ്പായി.

൪ ക്രിസ്തു നിന്റെ കൃപ കൊണ്ടു
ഞങ്ങളെ പോഷിപ്പിക്ക:
നിന്റെ അനുഗ്രഹത്താലും
തണുപ്പിച്ചു അയക്ക.

൩൮ L. M. B.

൧ ഐമൊസ്യത്തൊടെ ഇരിപ്പിൻ
താൻ ശിഷ്യരൊട കല്പിച്ചു
ഐമൊസ്യം തന്റെ രാജ്യത്തിൽ
പ്രധാന കീൎത്തിയായിതു.

൨ മെൽ ലൊകത്തിൽ തൻ ദൂതന്മാർ
ഏകാത്മാവൊടു പാടുന്നു.
ഐഹികെ തന്റെ സഭക്കാർ
സൽസ്വരത്തൊടും ചെതന്നു.

൩ സഹൊദരർ തൻ സ്നേഹത്തിൽ
ഒന്നിച്ചു പാൎത്തിരിക്കണം
കൎത്താവിൻ ഇഷ്ടമൊക്കയിൽ
സല്പ്രീതിയൊടു ചെയ്യണം.

൪ വിശുദ്ധമായ മാൎഗ്ഗത്തെ
നാം സ്നേഹത്താൽ നിവൃത്തിക്കും
ഒരം സ്നേഹം കൊണ്ടു നമ്മളെ
തൻ ഛായയിൽ താൻ സൃഷ്ടിക്കും.

൩൯ L. M. B.

൧ എൻ ജീവനാം എൻ ദൈവമെ
നിൻ പാദത്തിന്റെ അരികെ
ഞാൻ വന്നു വീണു ആശ്രയം
മറെറാന്നുമില്ല കണ്ടാലും.

൨ അയോഗ്യനായ പാപിയും
ആത്മാവിൽ ക്ഷീണിച്ചവനും
നിന്നോട മാത്രം കരയും
നിൻ ദയയിൽ ആശ്രയിക്കും.

൩ നിൻ സഭയുടെ വാതിലും
നിൻ കൃപയുള്ള മനസ്സും
വിസ്താരമായെല്ലാവക്കും
ഉൾപ്പൂകുവാനും കഴിയും.

൪ കടാക്ഷിച്ചാലും എന്റെ മേൽ
നി ശിഷ്യനോട ചെയ്തു പോൽ
നേരോടെ എന്റെ സങ്കടം
നിൻ മാപ്പു ഇന്നു തരണം.

൪൦ 8s. & 7s B.

൧ ഞങ്ങൾക്കുള്ള ആട്ടിൻ കുഞ്ഞെ
ഞങ്ങൾക്കുള്ള പെസഹാ
നിന്റെ രക്തം കൊണ്ട തന്നെ
നിന്റെ ജനം രക്ഷിക്ക.

൨ വനത്തിങ്കൽ കൂടെ പോയ
ദൈവദൂതൻ നീ തന്നെ
നിന്റെ ജനത്തിന്റെ വഴി
കാത്ത പാലിക്കേണമെ.

൩ പകലുള്ള വെയിലത്ത
മെഘമായി ഇതന്ന
രാത്രി കാലത്തിങ്കൽ കൂടെ
വെട്ടമായി ഭവിച്ചു.

൪ നിന്റെ ജനത്തിന്റെ ദാഹം
തീൎപ്പാനുള്ള പാറ നീ
അവൎക്കുള്ള വിശപ്പിന്ന
മന്നാ ആയി ഇറങ്ങി.

൫ നിന്റെ ജനത്തിന്ന എല്ലാം
എന്നും ആകും യേശുവെ
എല്ലാ സ്തുതി എല്ലാ മാനം
കൊണ്ടു രക്ഷിക്കെണമെ.

൪൧ 8. 7. 4. B.

൧ ദൈവ ജനം വനത്തിങ്കൽ
കററക്കാരായ്തീൎന്നാറെ
സൎപ്പക്കൂട്ടം മദ്ധ്യത്തിങ്കൽ
വന്നു കടിച്ചവരെ
ദൈവം കണ്ടു, ദൈവം കണ്ടു, കോപ
ദൈവം ശിക്ഷിച്ചവരെ. [പ്പെട്ടു

൨ അപ്പോൾ മോശെ വാൎത്ത സൎപ്പം
കോലിൻ അററം കെട്ടിച്ചു
പൊക്കം വെച്ചു അടയാളം
അവർ കണ്ടു ജീവിച്ചു
മോശെയല്ല, സൎപ്പമല്ല, കോലുമല്ല
ദൈവം രക്ഷിച്ചവരെ.

൩ ആദം ചെയ്ത പാപം കൊണ്ടു
തന്റെ മക്കൾ വഷളായി
ശാപം കിട്ടി പിഴ കൊണ്ടു
ചാകെ വേണ്ടി വിധിയായി
പാപം ചെയ്തു, പാപം ചെയ്തു, ശാപം
മക്കൾ കൂടെ മരിച്ചു. കിട്ടി

൪ യെശു കണ്ടു ഉടൻ വന്നു
കുരിശിങ്കൽ തൂങ്ങി ആയി
നോക്കി കാണും ജനത്തിന്നു
ശാപം നീങ്ങി രക്ഷ ആയി
ശാപം നീങ്ങി, ശാപം നീങ്ങി, യെശു
ശാപം നീങ്ങി രക്ഷ ആയി. മൂലം

---

൪൨ C. M. B.

കാലത്തെ കീൎത്തനം.

൧ ആദിത്യൻ ഇപ്പോൾ ഉദിച്ചു
രാ ഇരുട്ടും പൊയ്പ്പൊയി
തൻ ശോഭയുള്ള രശ്മിയിൽ
സ്വസ്ഥം തുഷ്ടിയായി.

൨ യഹോവായുടെ നന്മയെ
നാം ഇതിൽ കാണുന്നു
യഹോവായുടെ സ്തുതിയെ
നാം പാടി ചൊല്ലുന്നു.

൩ വെളിച്ചത്തിൻ പിതാവ താൻ
എന്നുള്ളിൽ ശോഭിക്കും
സമ്പൂൎണ്ണ തൃപ്തനാകും ഞാൻ
എൻ പാപം നശിക്കും.

൪ തൻ തോട്ടമായ സഭയിൽ
തൻ ആത്മ ദാനങ്ങളും
വൎദ്ധിച്ചു വന്ന വളരും
തൻ നീതി ഫലങ്ങളും.

൫ ആദിത്യനാകും യേശുവെ
നീ എപ്പോൾ വരുമൊ
നിൻ ജനം കാത്തിരിക്കുന്നു
നീ താമസിക്കുമൊ?

൬ ആത്മാവും മണവാട്ടിയും
വന്നാലും ചൊല്ലുന്നു
നിൻ മുഖത്തിങ്കൽ നോക്കുവാൻ
ആലസ്യപ്പെടുന്നു.

———o———

൪൩ L. M. Hg.

വൈകുന്നേരത്തെ കീൎത്തനം.

൧ മഹത്വമുള്ള ദൈവമെ,
നിൻ നാമം വാഴ്ത്തപ്പെടട്ടെ
ഒരു രാത്രി നിന്റെ ദാസനെ
നീ രക്ഷിച്ചുകൊള്ളേണമെ.

൭ ഞാൻ ഇന്ന ചെയ്ത പാപവും
. നിൻ പ്രിയ പുത്രൻ നിമിത്തം
എന്നോട ക്ഷമിക്കേണമെ;
നീ അനുഗ്രഹിക്കേണമെ.

൮ പാപം കൂടാതെ ഇരിപ്പാൻ
നിൻ കൃപ അനുഭവിപ്പാൻ
ഒരൊ രാത്രിയിൽ നിൻ വരത്തെ
നീ ഇനിക്ക നൽകേണമെ.

൯ ഒരൊ ലോകത്തുള്ള സൎവ്വതും;
മെലുള്ള സൈന്യം ഒക്കെയും
പിതാവ പുത്രാത്മാവിനെ
എപ്പോഴും സ്തുതി ചെയ്യട്ടെ.

——o——

൪൯ 8s & 7s. Hh.

വേദപുസ്തകത്തെ കുറിച്ചുള്ളവ.

൧ ക്രിസ്തുവിന്റെ സുവിശേഷം
ലോകം എല്ലാം ജയിക്കും
സകല രാജാക്കന്മാരും
അതിനെ പ്രമാണിക്കും.

൨ മരണത്തിൻ ഭീതിയെയും
ആത്മദുഃഖം കൂടെയും
പാപത്തിന്റെ ശക്തിയെയും
താഴ്ത്തി നീക്കിക്കളയും.

൩ രക്ഷിതാവിന്റെ മുമ്പാകെ
ഇപ്പോൾ തന്നെ വരുവിൻ
നിങ്ങൾ ഒട്ടും ശങ്കിക്കാതെ
ക്രിസ്തുവിനെ വന്ദിപ്പിൻ.

൪ ക്രിസ്തുവിന്റെ സുവിശേഷം
ലോകം എല്ലാം ജയിക്കും
എന്നുമാത്രമല്ല താനും
ക്രിസ്തു വേഗത്തിൽ വരും.

൫ മേഘത്തിൽ തൻ ദൂതരോടും
കൂടെ അവനെ കാണും
അപ്പോൾ തന്റെ സത്യ ശിഷ്യർ
ഏറ്റവും സന്തോഷിക്കും.

—o—

൪൫ 8s & 7s. Hh.

൧ ദിവ്യ വാക്ക വിശ്വസിച്ചാൽ
നല്ല ശീലം ലഭിക്കും
വിശ്വസിക്കുന്നവൻ എല്ലാം
നിത്യ രക്ഷ പ്രാപിക്കും.

൨ എന്റെ കുററത്തിനു വേണ്ടി
ദൈവപുത്രൻ മരിച്ചു
എന്റെ മോക്ഷം തീർപ്പാൻ വന്നു
കഷ്ടം അനുഭവിച്ചു.

൩ ഇപ്രകാരമുള്ള കൃപ
കാണ്കയില്ല മറെറങ്ങും
ഇത ഓർത്താൽ ദൈവസ്നേഹം
മനസ്സിങ്കൽ മുളെക്കും.

൪ ദൈവത്തിന്റെ സ്നേഹം ഉള്ളിൽ
വന്നാൽ അതി ഭാഗ്യമാം
ഭയം നീക്കിക്കളവാനും
അത ഏക ഔഷധം.

—o—

൪൩ L. M. B.

൧ ആകാശ മണ്ഡലത്തിലെ
ആദിത്യ ചന്ദ്ര മുതലാം
സ്രഷ്ടാവിൻ ദിവ്യ വേലയെ
നാം കണ്ട സ്തുതിക്കയും ആം.

൨ വിശേഷമാം തൻ വചനം
മഹത്വം ഏറെ കാട്ടുന്നു
തൻ പുത്രൻ മൂലം രക്ഷണം
അതിൽ പ്രകാശപ്പെടുന്നു.

൩ തൻ കല്പന പ്രമാണിച്ച
അസംഖ്യമാം പ്രസംഗക്കാർ
സ്വദേശം വിട്ടു പോയിട്ടു
ഭൂലോകത്തെ പ്രകാശിച്ചാർ.

൪ ഠരം വചനം തൻ കൃപയാൽ
ഹൃദയ ശുദ്ധി വരുത്തും
സൽബുദ്ധി മാനം പഠിച്ചാൽ
തൻ ഇഷ്ടം ഒക്കെ ഗ്രഹിക്കും.

———o———

൪൭ S. M. B.

൧ ഠൗo ഭൂമി ദൈവത്തിൻ
കൈ വേല ആകുന്നു
തൻ ബുദ്ധി, ശക്തി, ജ്ഞാനവും
നാം അതിൽ കാണുന്നു.

൨ ആദിത്യ ചന്ദ്രന്മാർ
നക്ഷത്ര സൈന്യവും
പരാക്രമാം തൻ കയ്യിനെ
പ്രസിദ്ധപ്പെടുത്തും.

൩ എന്നാലും വേദത്തിൽ
അധികം സ്പഷ്ടമാം
തൻ നീതി, കൃപ, സ്നേഹത്തെ
വിശ്വാസത്താൽ കാണാം.

൪ എൻ രക്ഷ കാരണൻ
തൻ മുഖത്തിങ്കലെ
പിതാവിൻ ശോഭ കാണിച്ചാൽ
ഞാൻ തൃപ്തൻ ഉടനെ.

൫ വിശുദ്ധ ദൈവമെ
എൻ ആശ കണ്ടാലും
നിൻ വചനത്തിൻ സാരത്തെ
എൻ ഉള്ളിൽ കാട്ടെണം.

—o— Martyn

൪൯ L. M. IIg.

൧ ഭൂലോകത്തുള്ള സൎവ്വരെ
സന്തോഷമുള്ള സ്വരത്തെ
കൎത്താവിന്ന ഉയൎത്തുവിൻ
ആനന്ദത്തോടെ വന്ദിപ്പിൻ.

൨ യഹോവാ ദൈവം എന്നുമെ
നാം അല്ല, അവൻ മാത്രമെ
നമ്മെ ഉണ്ടാക്കി പാലിച്ചു,
തൻ ജനമായി വീണ്ടെടുത്തു.

൩ തൻ പള്ളിയിൽ പ്രവേശിച്ചു,
ആനന്ദത്തോടെ സ്തുതിച്ചു
സന്തോഷ പാട്ടുകൾ പാടും;
തന്നെ മഹത്വപ്പെടുത്തും.

൪ തൻ സ്നേഹം നിത്യമുള്ളത,
തൻ കൃപ സ്ഥിരമുള്ളതഃ
തൻ വാഗ്ദത്തങ്ങൾ ഒക്കെയും
എപ്പോഴും താൻ നിവൃത്തിക്കും.

---o---

൪൭ 7 s. Hg.

ക്രിസ്ത്യാനി യാത്രകാൎക്ക.

൧ രാജ്യത്തിന്റെ പുത്രരെ
യോഗ്യ സ്തോത്രം പാടുവിൻ,
യാത്ര പോകുമ്പോൾ തന്നെ
യേശുവിനെ സ്തുതിപ്പിൻ.

൨ ദൈവത്തിങ്കലേക്ക നാം
ആശയോടു പോകുന്നു:
മുൻ വിശ്വാസികൾ എല്ലാം
ഇപ്രകാരം നടന്നു.

൩ ഭാഗ്യമുള്ള കൂട്ടമെ!
ഘോഷിച്ച ആനന്ദിപ്പിൻ;
പാപ ലോകം പോകട്ടെ
സ്വൎഗ്ഗമോക്ഷം ലഭിപ്പിൻ.

൪ പേടിക്കേണ്ടാ വേഗേന
നിങ്ങൾ ദൈവത്തെ കാണും;
യേശു ക്രിസ്തു നിങ്ങളെ
ജയത്തോടെ രക്ഷിക്കും.

൫ വഴി കാണിക്കേണമെ;
മനസ്സോടെ ഞങ്ങളും
പ്രിയമുള്ള യേശുവെ,
നിന്നെ അനുസരിക്കും.

—o—

൫൦ C. M. IIg.

യേശു എല്ലാത്തിന്റെം കൎത്താവ.

൧ എല്ലാരും യേശു നാമത്തെ,
എന്നേക്കും വന്ദിപ്പിൻ;
എല്ലാത്തിന്റെ കൎത്താവിന്ന
മഹത്വം കൊടുപ്പിൻ.

൨ തന്നാൽ വീണ്ടെടുത്തവരെ,
വിടാതെ സ്തുതിപ്പിൻ:
എല്ലാത്തിന്റെ കൎത്താവിന്ന
മഹത്വം കൊടുപ്പിൻ.

൩ അജ്ഞാന കടലിലോരെ,
സംജ്ഞാനം ഗ്രഹിപ്പിൻ:
എല്ലാത്തിന്റെ കൎത്താവിന്ന
മഹത്വം കൊടുപ്പിൻ.

൪ ഓരോരൊ ജാതി ജനമെ,
തന്നിൽ സന്തോഷിപ്പിൻ:
എല്ലാത്തിന്റെ കൎത്താവിന്ന
മഹത്വം കൊടുപ്പിൻ.

൫൧ S. M. B.

൧ യഹോവാ മാത്രമെ
സൎവേശൻ ആകുന്നു
കൎത്താക്കന്മാരം അവന്റെ
കൈ കീഴിരിക്കുന്നു.

൨ സൃഷ്ടാവും താൻ തന്നെ
തൻ വാക്ക മൂലമായി
ത്രിലോകത്തുള്ളതൊക്കവെ
അശേഷവും ഉണ്ടായി,

൩ താൻ മേയക്കാരനായി
തൻ മേച്ചിൽ കാക്കുന്നു
തൻ ജനം ആട്ടിൻ കൂട്ടമായി
സമീപെ വാഴുന്നു.

൪ യഹോവാ യിവനെ
കൊണ്ടാടി സ്തുതിപ്പിൻ
തൻ സഭയുടെ നടുവെ
താഴാഴ്മെ വന്ദിപ്പിൻ

൫ എന്നാലും കൃപയെ
നിസ്സാരം കാണകയാൽ
ഐശ്വൎയ്യമുള്ള കഴത്തെ
തൻ ജനം കാണിച്ചാൽ

൩ യഹോവാ ക്രോധനായി
തൻ ആണ ഓൎത്തിടും
ആ ശാഠ്യത്തിന്റെ മൂലമായി
അശേഷം മുടിക്കും.

———o———

൫൨ P. M. IIg.

൧ സൃഷ്ടിപ്പു ഒക്കവെ!
യേശുവെ വന്ദിപ്പിൻ;
മോക്ഷത്തിൽ വാസികൾ
തന്റെ സ്തുതി പാടുവിൻ.
എന്നേക്കുമെ
സെറാപ്പിന്മാർ
കെറുബിമാർ
സ്തുതിക്കട്ടെ.

൨ ചരാചരങ്ങളും
തൻ വാക്കിനാൽ ഉണ്ടായി,
തൻ ശക്തിയാൽ മാത്രം
നില്ക്കുന്നു ഉറപ്പായി.
തൻ നാമത്തെ
ഭൂലോകവും
മേൽ സൈന്യവും
വന്ദിക്കട്ടെ.

൩ തൻ പ്രിയ ശുദ്ധന്മാർ
പ്രത്യേകം തൊഴട്ടെ:
തൻ നിത്യ കൃപയിൽ
പ്രശംസ ചെയ്യട്ടെ.
എല്ലാവരും
യഹോവായെ
എന്നേക്കുമെ
പുകഴ്ത്തട്ടെ.

—o—

**രക്ഷ ക്രിസ്തുവിൻെറ തൂകന്നു.**

൫൩ 7. s. IIg.

൧ മൃത്യു ഏററ യേശുവെ !
നിന്നിൽ ഞാൻ ഒളിക്കട്ടെ;
നിൻെറ കരുണകളാൽ
പരിശുദ്ധാത്മാവിനാൽ
എന്നെ രക്ഷിക്കേണമെ,
ശുദ്ധീകരിക്കേണമെ.

൨ എൻ ധർമ്മമൊ എൻ വേലയോ
എൻ ദുഃഖമൊ എൻ ക്ലേശമൊ
രക്ഷിക്ക പോരാത്തതാകുമാം,
നീ ഉള്ളു എൻ രക്ഷകരൻ
പാപം ഏററ പറയും,
നിന്നിൽ മാത്രം എൻ ശരണം.

൩ പാപം കുററം അല്ലാതെ,
ഇനിക്കില്ല, യേശുവെ!
കൃപയോട നീ തന്നെ
എന്നെ കൈക്കൊള്ളേണമെ:
ഞാൻ അല്ലെങ്കിൽ മരിക്കും,
എന്നന്നേക്കും നശിക്കും.

൪ ഠരം നില്ക്കാത്ത ലോകത്തിൽ
പാൎക്കുമ്പോൾ; മരണത്തിൽ;
സ്വൎഗ്ഗത്തിന്ന പോകുമ്പോൾ;
വിധിനാളിൽ നില്ക്കുമ്പോൾ;
മുത്തു എററ യേശുവെ!
നിന്നിൽ ഞാൻ ഒളിക്കട്ടെ.

——o——

യേശുവിന്റെ രാജ്യം.

൫൪ L. M. Hg.

൧ ആദിത്യൻ ചന്ദ്രൻ ഉദിച്ചു
അസ്തമിക്കുന്നെല്ലാടത്തും:
യേശു തൻ രാജ്യം സ്ഥാപിച്ചു,
ഓരോരൊ ദേശത്തിൽ വാഴും.

൨ ഓരോരൊ ഭാഷയുള്ളവർ
വിടാതെ തന്നെ സ്തുതിക്കും:
ശിശുക്കൾ കൂടെ വന്ദിച്ചു,
തൻ ദിവ്യ നാമം കീൎത്തിക്കും.

൩ താൻ വാഴുന്ന എല്ലാടത്തും
അനുഗ്രഹങ്ങൾ പെരുകും:
ആലസ്യപ്പെട്ട ദുഃഖിതന്മാർ
സന്തോഷം സൌഖ്യം പ്രാപിക്കും.

൪ വേദന ക്ലേശം പാപവും
അശേഷം പോകും എന്നേക്കും
സ്വാതന്ത്ര്യം ഭാഗ്യം പൂൎണ്ണത
എല്ലാവൎക്കും അപ്പോൾ ലഭിക്കും.

൫ ഠരം രാജന്നെല്ലാ സൃഷ്ടികൾ
വിശേഷ കാഴ്ച വെക്കട്ടെ:
മേൽ സൈന്യം ഒക്കെ പാടുവിൻ
ആമെൻ ഠരം ഭൂമി ചൊല്ലട്ടെ.

Helmsley

൭൭ P. M. IIg.

ജീവന്റെ യാത്ര.

൧ വെടിക്കുന്നത എന്തിയെ?
യേശു ചുക്കാൻ പിടിക്കും:
പായപൊക്ക-ദൈവം തന്നെ
നല്ല കാററ അയക്കും.
സ്വൎഗ്ഗത്തിന്ന
നമ്മെ വേഗം നടത്തും.

൨ അവനാൽ നാം സുഖത്തോടെ
കടൽ കൂടെ കടക്കും:
ഭീതികളിൽ യേശു തന്നെ,
അമരത്ത ഇരിക്കും
തന്റെ മുമ്പിൽ
കൊടുങ്കാറ്റ ശമിക്കും.

൩ അന്ന എത്ര ഭാഗ്യം കിട്ടും?
ദുഃഖം എല്ലാം ഒഴിയും:
അന്ന ദിവ്യ സമാധാനം
സൌഖ്യം അനുഭവിക്കും
എന്നന്നേക്കും
യഹോവായെ സ്തുതിക്കും.

---

. ൫൭ 7s. B.

൧ ആത്മ രക്ഷകരമാം
യേശുവിന്റെ മടിയിൽ
ഓടി വന്ന വിക്ഷയാം
സ്വസ്ഥം കാണും അവനിൽ.

൨ രക്ഷിക്കേണം യേശുവെ
എന്റെ കഷ്ട കാലത്തിൽ
ആരുമില്ല അല്ലാതെ
സ്വസ്ഥം തരാൻ മനസ്സിൽ.

൩ ഘോരമായ കാററിനാൽ
എൻെറ കപ്പൽ നശിക്കും
തുറമുഖം കാണിച്ചാൽ
അതിൽ ഞാൻ പ്രവേശിക്കും.

൪ ചീനി ഇട്ടിട്ടവിടെ
നിൻെറ രക്ഷ ഓൎക്കയും
കടൽ അമൎന്നിടത്തെ
സ്വസ്ഥമായും ഇരിക്കും.

—o—

൫൭ *8 lines & 7s.* HL.

൧ കേൾക്ക എൻെറ ആത്മാവെ
യേശു നിന്നോടിങ്ങിനെ
ചോദിക്കുന്നു ഹേ പാപി
സ്നേഹിക്കുന്നൊ എന്നെ നീ
ആദിയിങ്കൽ ഞാൻ തന്നെ
തെരിഞ്ഞെടുത്തു നിന്നെ
അപ്പോൾ നിന്നെ സ്നേഹിച്ചു
പിന്നെ നിന്നെ രക്ഷിച്ചു.

൨ പാപത്തിൽ നീ കിടന്നു
അതിൽ മരിച്ചിരുന്നു
നിന്നിൽ ആത്മ ജീവനെ
ഊതിയത ഞാൻ തന്നെ
നിനക്ക നല്ലാശയും
പുതിയ സ്വഭാവവും
തന്നതും ഇന്നുവരെ
രക്ഷിച്ചതും ഞാൻ തന്നെ.

൩ പെററ തള്ള കുഞ്ഞിനെ
മറക്കുന്നതെങ്ങിനെ
അവൾ മറന്നീടിലും
നിന്നെ എന്നും ഞാൻ ഓക്കും
നിനക്ക എൻ മഹത്വം
വേഗത്തിൽ ഞാൻ കാണിക്കും
എന്നാൽ അതിൻ മുമ്പെയും
നിന്നെ സ്വച്ഛൻ ആക്കണം.

൪ എൻ സിംഹാസനത്തിലും
വേഗത്തിൽ നീ ഇരിക്കും
ഞാൻ വീണ്ടെടുത്ത പാപി
എന്നെ സ്നേഹിക്കുന്നൊ നീ
എൻെറ സ്നേഹം കത്താവെ
പോരാത്തതാകുന്നെ
കൃപയോടെ അതിനെ
നീ വദ്ധിപ്പിക്കേണമെ

൫൮ IIg.

23 Psalm.

൧ യഹോവാ എന്റെ ഇടയൻ
താൻ എന്നെ നന്നായി മേയിക്കും
ആശ്വാസ നദിക്കരികെ
എപ്പോഴും എന്നെ നടത്തും.

൨ താൻ തന്റെ നാമം നിമിത്തം
ആത്മാവിനെ തണുപ്പിക്കും
എൻ ശത്രുക്കൾക്ക മുമ്പിലും
താൻ ഒരു പീഠം ഒരുക്കും.

൩ ഞാൻ മൃത്യുവിന്റെ നിഴലിൽ
പ്രവേശിക്കേണം നിശ്ചയം:
എന്നാലും ഭയം ഇല്ലല്ലൊ
യഹോവാ എന്നെ രക്ഷിക്കും.

൪ ഈ ലോകത്തിൽ ഞാൻ പാൎക്കുമ്പോൾ
കാരുണ്യം, നന്മ കൃപയും,
എന്നെ പിന്തുടരും പിന്നെ
ഞാൻ എന്നും സ്വൎഗ്ഗത്തിൽ വാഴും.

൫൯ P. M. Hg.

ദിവ്യ പരിപാലനത്തിന്ന.

൧ നിത്യനായ യഹോവായെ,
വനലോകത്തിൽ കൂടെ
ബലഹീനനായ എന്നെ
നടത്തി താങ്ങേണമെ
സ്വൎഗ്ഗ അപ്പം
എനിക്ക തരേണമെ.

൨ നിത്യ പാറ തുറന്നിട്ട,
സൌഖ്യ വെള്ളം തരിക;
അഗ്നി മേഘത്തൂണ കൊണ്ട
വഴി എല്ലാം കാണിക്ക:
ബലവാനെ
രക്ഷ നീ൪ത്തുകേണമെ.

൩ യൎദ്ദെനെ ഞാൻ കടക്കുമ്പോൾ
ഭയം എല്ലാം മാററുക,
മരണം നീ ജയിച്ചിട്ട
കാനാനിൽ കൈക്കൊള്ളുക:
നിന്നെ മാത്രം
ഞാൻ എന്നേക്കും സ്തുതിക്കും.

൬൦ C. M. B.

൧ ദൈവത്തിന്റെ സൈന്യ കൂട്ടം
നീതിമാനെ കാക്കും
തങ്കലേക്ക നോക്കുന്നവർ
തന്റെ രക്ഷ കാണും.

൨ തന്റെ ദയ രുചിച്ചിട്ട
ഗുണം എന്ന തോന്നും
തന്റെ സേവയിങ്കൽ തന്നെ
ഭാഗ്യം മാത്രം കാണും.

൩ നീതിയുള്ള നിങ്ങളോരെ
ഭയം നീക്കി കൊൾവിൻ
ദൈവത്തിങ്കൽ ആശ വെച്ച
നോക്കി കൊണ്ട പാൎപ്പിൻ.

൪ സിംഹ കുട്ടി വിശന്നിട്ട
തീൻ കിട്ടാതെ പാൎക്കും
ദൈവ ഭക്തി പ്രാപിച്ചോൎക്കു
എന്നും നന്മ കിട്ടും.

—o—

൬൧ C. M. B

൧ യഹോവാ തൻ കൂടാരത്തിൽ
ആവാസം ചെയ്യുന്ന
യിസ്രായേൽ എന്നും അവിടെ
തൻ മുഖം കാണുന്ന.

൨ താൻ എന്നും കാണും അവരെ
സഖ്യസ്നേഹം ഗ്രഹിക്കും
അപേക്ഷ ചെയ്യും മുമ്പെ താൻ
തൻ കൃപയെ തരും.

൩ എൻ മുഖത്തെ അന്വെഷിക്ക
എന്നരുൾ ചെയ്യും നാൾ
സഹായം വരും ഉടനെ
ആത്മാവിൻ കൃപയാൽ.

൪ തൻ വാക്ക തന്ന കാൎയ്യത്തിൽ
നിൎദ്ദേശ്യൻ ആകയും
തൻ ക്രോധത്തോടെ ശിക്ഷയെ
ചെയ്യാതെ ഇരിക്കും.

൫ കൃപാസനത്തിൽ ഇരിക്കും
യഹോവാ ദൈവമെ
നിൻ തിരുമുഖം ഞങ്ങൾക്ക
നിൻ ദയ കാട്ടട്ടെ.

—o—

൫൧ P. M. Hg.

യേശുവിൽ പുകഴുന്നത.

൧ യേശുവിനെ സംബന്ധിച്ച
ഞാൻ ലജ്ജിക്കുന്നതെങ്ങിനെ?
മഹത്വമുള്ള ദൂതന്മാർ
തന്നെ വാഴ്ത്തുന്നു എന്നുമെ.

൨ എൻ ആശ എല്ലാം അവനിൽ;
എൻ രക്ഷ ആകുന്നതത്രെ:
ഞാൻ അവനെ സ്നേഹിക്കാഞ്ഞാൽ
എൻ അവമാനം ആകട്ടെ.

൩ എല്ലാപ്പോഴും എൻ പുകഴ്ച
യേശുവിൽ മാത്രം ആകുമെ:
എൻ ഭാഗ്യം, എന്നെ കുറിച്ചു
താൻ ലജ്ജിക്കാതെ ഇരിക്കട്ടെ.

—o—

൬൩ S. M. B.

൧ കൎത്താവിൻ സ്തുതിയെ
എൻ നാവ പാടുക
എൻ മനസ്സിന്റെ പ്രിയത്തെ
പ്രസിദ്ധം ആക്കുക.

൨ ഞാൻ നാശത്തിങ്കൽ ആയി
ഞാൻ ഹീനൻ ഭവിച്ചു
എൻ ആത്മം കൂടെ വക്ഷളായി
ഞാൻ നീതി കളഞ്ഞു.

൩ അഗാധ കുഴിയിൽ
ഞാൻ വീണു കിടന്നു
പിശാച തന്റെ കണ്ണിയിൽ
എൻ കാലും പിടിച്ചു.

൪ എന്നാലും ക്രിസ്തുവെ
നീ എന്റെ പ്രിയനായി
നിൻ കൈ നീ നീട്ടി ഉടനെ
ഞാൻ വിട്ടു മാറിയായി.
൫ എൻരക്ഷകാരനെ
നിൻ കൃപ നൽകുക
എൻ മനപ്പൂർവ്വ സ്തുതിയെ
കൈക്കൊണ്ടു വാഴുക.

Portugal —o—

൬൫ L. M. B.

൧ പിതാവിൻ കൃപ ഒക്കവെ
നിൻ മുഖത്തിങ്കൽ യേശുവെ
നിൻ ജനം കണ്ടു നിന്നെയും
പിതാവിനോടു വന്ദിക്കും.
൨ നീ നീതിയുടെ സൂര്യനും
ഭൂലോകത്തിൻ പ്രകാശവും
നീ ഉദിച്ചിട്ടു മനുഷ്യർ
സന്തോഷം കൊണ്ടു തൃപ്തന്മാർ.
൩ നിൻ രശ്മികളിൽ ജീവനും
സൽ പ്രിയത്തിൽ സമ്പൂർണ്ണവും
നിൻ ശോഭ കൊണ്ടു ഞങ്ങളെ
വിശുദ്ധീകരിക്കേണമെ.

൪ നീ ആദ്യം ചെയ്യു കണക്കെ
ഃരം ഇതട്ടിങ്കൽ വെട്ടത്തെ
ഉണ്ടാക്കി ദുരജ്ഞാനവും
ഇല്ലാതെ ആക്കി കൊള്ളണം.

—o—

൬൭ C. M.

൧ ലക്ഷം ലക്ഷം ദൈവദൂതർ
സ്വൎഗ്ഗത്തിങ്കൽ പാടും
ഭൂമിവാസം ചെയ്യും ഞങ്ങൾ
കൂടെ സ്തുതി ചൊല്ലും.

൨ യേശു യോഗ്യൻ എന്ന അവർ
അട്ടഹാസിച്ചീടും
യേശു യോഗ്യൻ എന്ന ഞങ്ങൾ
ആൎത്ത സ്തുതി ചെയ്യും.

൩ യേശു സൎവ്വമാന്യനെല്ലൊ
ദിവ്യ ഗുണശാലി
സ്തുതിക്കൊക്കെ അവൻ മാത്രം
സ്വന്ത അവകാശി.

൪ സൃഷ്ടി സൎവ്വം ഒരുമിച്ച
ആട്ടിൻ കുട്ടിയേയും
തൻ പിതാവ ദൈവത്തെയും
വന്ദിക്കയും വേണം.

൩൩

൩൩ P. M. B,

൧ എൻ ആത്മ രക്ഷകരമാം
നിൻ നാമം യേശുവെ
എൻ ഭയം ആക്കി തീക്കയാം
സന്തോഷം ആകവെ.

സ്തുതി ശക്തി കേൾവി മാനം
ആട്ടിൻ കുട്ടി ലഭിക്കെണം
യേശു ക്രിസ്തു രക്ഷിതാവ
അല്ലെല്ലൂയ അല്ലെല്ലൂയ
അല്ലെല്ലൂയ സ്തുതിപ്പിൻ.

൨ അജ്ഞാനത്തിങ്കൽ മുങ്ങിയ
ഛം ദുഷ്ട മത്യരെ
വിശുദ്ധമാക്കി ജ്ഞാനത്തിൽ
നീ ധരിച്ചവരെ:
സ്തുതി ശക്തി—ഇത്യാദി.

൩ ഛം രക്ഷയെ പ്രശംസിപ്പിൻ
ഭൂലോകത്തിലോരെ
ആകാശ മണ്ഡലത്തിങ്കൽ
തൻ ദൂതർ കൂടട്ടെ.
സ്തുതി ശക്തി—ഇത്യാദി.

൪ സിംഹാസനത്തിലിരിക്കും
പിതാവു തന്നോടും
തൻ പുത്രൻ ആട്ടിൻ കുട്ടിക്കും
സൽകീർത്തി പാടണം.
സ്തുതി ശക്തി—ഇത്യാദി:

—o—

Hanover

൱൭ 104. B.

൧ എൻ രക്ഷകനാം എൻ യേശു പ്രഭു
നിൻ സ്നേഹത്തിൽ ഞാൻ പ്രശംസിക്കുന്നു
നീ സ്വർഗ്ഗത്തിലുള്ള പിതാവിനോടു
ഒന്നായൊരു ദൈവം ആവസിക്കുന്നു.

൨ അരിക്ഷകമാം ഈ പാപികളെ
നിരാശ്രയന്മാർ നീ കണ്ടുടനെ
നീ വേഗത്തിൽ ഓടി സല്പ്രിയം പൂണ്ടു
ആകാശത്തിൽ നിന്ന നീ പാഞ്ഞുവന്നു.

൩ ഈ പ്രിയത്തിനാൽ എൻ സ്നേഹിതരെ
തൻ ഉത്തമമഃയ്യോണ്ടാണെന്നമെ
എൻ ഉള്ളിൽ എൻ ആത്മാ സന്തോഷം കൊൾക
നിൻ രക്ഷക വേണ്ടി നീ പാടിടുക.

൪ ഈ വിശ്വത്തിലുള്ളെല്ലാവരുമെ
ജീവാത്മാകളാം തൻ സൃഷ്ടികളെ
ഒന്നായൊരു സ്വരം ഉയർത്തികൊൾവിൻ
ഈ യേശു കർത്താവെന്ന് ആർത്തിടുവിൻ.

൬൮ L. M. G.

൧ മശിഹാ രക്ത നീതിയെ
എൻ ഭൂഷണം എൻ അങ്കിയെ
അതാലെ ദൈവമുമ്പിൽ ഞാൻ
സന്തോഷത്തോടെ ഇരിക്കാം.

൨ പുനരുത്ഥാന നാളിലും
ആരോഹണം ഭവിക്കിലും
എൻ അലങ്കാര വസ്ത്രമൊ
നിൻ രക്ത നീതികൾ വിഭൊ.

൩ ന്യായ വിസ്താര വെളിയിൽ
മഹാ ജനങ്ങൾ അഞ്ചുകിൽ
മശിഹാ രക്ത നീതിയാൽ
ഞെട്ടാതെ നില്ക്കും എന്റെ കാൽ.

൪ അഹൊ നിർഭാഗ്യ ലോകരെ
ഒരം യേശു രക്ത നീതിയെ
ധരിച്ചു വിശ്വസിക്കയാൽ
ഒഴിക്കാം പാ[illegible]മാൽ.

൬൯ S. M. G.

൧ ഹാ യേശു എൻ ഇടയനെ
നിൻ ആടു ഞാൻ നിൻ ശിഷ്യനെ
ഉണ്ടായ ചാവും പാപവും
നീ തീൎത്തതാം അശേഷവും.

൨ എൻ ആശ പൂൎത്തി നീ അല്ലൊ
എൻ ഉള്ളിൽ വാഴുക പ്രഭൊ
നീ പാൎത്താൽ ദുഃഖം നാസ്തിയായി
എപ്പോഴും വാഴ്ത്തും എന്റെ വായി.

൩ പിശാചിന്റെ പരീക്ഷകൾ
മനസ്സിൻ പിഡികൾ
മറ്റൊക്കിലും വേണ്ടാ ഭയം
യേശുവിന്ന കിട്ടും ജയം.

—o—

൭൦ L. M. G.

൧ മഹോന്നതത്തിൽ യേശുവെ
എൻ വഴിയാത്ര നോക്കുകെ
ഞാൻ ഊഴിയിൽ പരദേശിയാം
ചുമടു പാപ ഭാരമാം.

൨ ൦ർം ദേശത്തിങ്കൽ കാരിത്വം
എൻ ജന്മ ഭൂമി സ്വൎഗ്ഗത്തും
അങ്ങോട്ടെന്നെ കടത്തുവാൻ
നിന്നേക്കാൾ ആർ സമൎത്ഥവാൻ

—o—

൭൧ L. M. G.

൧ വെളിച്ചമായ യേശുവെ
തമസ്സിനെ നി നീക്കിയെ
ഭൂവിങ്കൽ അരുണോദയം
സാക്ഷാൽ നിൻ വാക്യ കല്പിതം.

൨ കൎത്താവെ ഉററ സ്നേഹിതാ
൦ർം രാവിൽ കാവൽ നിന്നു വാ
എന്നാൽ സുഖേന പാൎക്കും നാം
ഭയാമയങ്ങളും കളയാം

—o—

൭൨ *6 lines 7s.* B.

൧ ദുഃഖമുള്ള ആത്മാവെ
ക്ഷീണ ഭാവം എന്തിയെ .
യേശു നിൻെറ രക്ഷകൻ
ഇഷ്ടമുള്ള സ്നേഹിതൻ
അവൻ ദുഃഖം കളയും
അവൻ സ്വാസ്ഥം കല്പിക്കും.

൨ വിശ്വസിക്ക ആത്മാവെ
തന്റെ ദിവ്യ കൃപയെ
മെൽ ആദിത്യൻ മീതെയും
കീഴ്ലോകത്തിൻ താഴെയും
അററം ഇല്ല കൃപെക്ക
അത പോലെ കരുണ.

൩ ദുഃഖ ഭാവം നീക്കുക
യേശുവിൽ ആശ്രയിക്ക
അവൻ പാപം ക്ഷമിക്കും
അവൻ ശുദ്ധീകരിക്കും
സന്നിധാനെ ചെല്ലുക
പാപമോക്ഷം ലഭിക്ക.

---

൭൩ P. M. B.

൧ യഹോവാ തന്നെ വന്ദിക്ക
തൻ കൃപയിൽ പ്രശംസിക്ക
താൻ എന്നുമുള്ള ഗുണവാൻ
താൻ ഹീനന്മാരെ രക്ഷിക്കും
താൻ ദുഷ്ടന്മാരെ ക്ഷമിക്കും
താൻ ധർമ്മപ്രിയ ധനവാൻ.

൨ ദരിദ്രക്കാൎക്ക അപ്പവും
അശക്തന്മാൎക്ക പ്രാപ്തിയും
യഹോവാ തന്നെ രക്ഷിക്കും
മുടന്ത കാല്ക്കു ബലവും
നിൎദ്ദൃഷ്ടി കണ്ണ കാഴ്ചയും
താൻ നൽകി അനുഗ്രഹിക്കും.

൩ വിലങ്ങുൾ കൊണ്ടു ക്ഷീണരായി
കഷ്ടൌറം കൊണ്ടു ദീനരായി
തൻ ജനം ആകും കാലത്തിൽ
താൻ ക്രൂരന്മാരെ അടക്കും
അന്ന്യായക്കാരെ ശിക്ഷിക്കും
തൻ ഉഗ്രമുള്ള കോപത്തിൽ.

൪ താൻ ഇഷ്ടമുള്ള വന്ദന
താഴ്മയുള്ള പ്രാൎത്ഥന
താൻ എന്നും കേട്ടു ഗ്രഹിക്കും
തൻ വാക്ക സത്യമാകുന്നു
തൻ ശക്തി വല്യതാകുന്നു
താൻ എന്നന്നേക്കും ഇരിക്കും.

൭൪ L. M. B.

൧ വനാന്തരെ ഉയൎന്നതായി
മഹാ വിശേഷ പൎവ്വതം
കൎത്താവു താനും നമുക്കായി
തൻ കരുണ മനോഹരം.

൨ സമീപെ പാൎത്ത സേവകൻ
സങ്കേതം തന്നിൽ കണ്ടീടും
തൻ പാറ കോട്ട പാലകൻ
എപ്പോഴും അവൻ ഇരിക്കും.

൩ താൻ ക്രൂര ഉഷ്ണ വനത്തിൽ
സഞ്ചാരം ചെയ്യും എങ്കിലും
ഒരു പാറയുടെ തണലിൽ
താൻ ചെന്നു കിടന്നിരിക്കും.

൪ ഒരു പാറ അതിൻ മുകളിൽ
ശീതോഷ്ണ ഭാരം സഹിക്കും
ആ നേരം അതിൻ മൂലത്തിൽ
സമ്പൂൎണ്ണ സുഖം ഇരിക്കും.

൭൫ P. M. B.

൧ മൃത്യുവിൻ ആലയം
എജിപ്തു വെടിഞ്ഞു
നാം ദിവ്യമായ നാട്ടിലെ
ആശ്വാസം തേടുന്നു
അല്ലേലൂയ
ചെന്നുചേരും നമ്മളും.

൨ കാനാന്റെ ദേശത്തിൽ
വിശുദ്ധ സൌഖ്യത്തെ
നാം കണ്ടു അനുഭവിക്കാം
പ്രവേശിക്കാകട്ടെ
അല്ലേലൂയ
ചെന്നു ചേരും നമ്മളും.

൩ ഇല്ലാതെ തീൎന്നുപോം
ദേഹത്തിൻ ദീനവും
ദേഹി തൻ പാപം അവിടെ
വൃഥാലെ തിരക്കും
അല്ലേലൂയ
ചെന്നു ചേരും നമ്മളും.

൪ ആനന്ദ പൂൎവ്വന്മാർ
അസംഖ്യം എങ്കിലും
ഉൾകാണ്ടിരിക്കുന്ന രാജ്യവെ
എല്ലാരും സ്തുതിക്കും
അല്ലേലൂയ
ചെന്നു ചേരും നമ്മളും.

൫ നാം വേഗം പ്രാപിക്കും
ആ ദിവ്യ നാട്ടിലെ
വിശുദ്ധരോടു പാടുവാൻ
സൽപൂൎണ്ണ മനസ്സൊ
അല്ലേലൂയ
ചെന്നു ചേരും നമ്മളും.

—o—

൭൩ 8. & 7. B.

൧ ദൈവത്തിന്റെ സുവിശേഷം
വില പറയാത്തത
ദാനം ഇത അതിശയം
ഗുണം ഏറിട്ടുള്ളത.

൨ തേനേക്കായിൽ നല്ല രസം
അതിനുണ്ട നിശ്ചയം
പുഷ്പത്തിൻെറ നല്ല മണം
ഒപ്പമില്ല കണ്ടാലും.

൩ ഉള്ളിലുള്ള ഹൃദയം
അതിൻ ശക്തി അറിയും
ദുഃഖമുള്ള ഭാവം കൂടെ
അതിങ്കൽ സന്തോഷിക്കും.

൪ വിശ്വസിക്ക മാത്രം ചെയ്ക
ഉടൻ പാപമോക്ഷമായി
പാപി നിൻെറ കുററം തീൎത്തു
നീയും നീതിമാനുമായി.

൫ സുവിശേഷം ഇതു തന്നെ
എൻ ആത്മാവെ സ്തുതിക്ക
ഇതിൽ തന്നെ ഇതിന്മാത്രം
നിൻെറ രക്ഷ തേടുക.

——o——

99

99 C. M.

൧ പിശാചു ജഡം ലോകവും
ആത്മാവിൻ ശത്രുക്കൾ
ഈ മൂവരേയും ജയിപ്പാൻ
നാം പ്രാപ്തി ഹീനങ്ങൾ.

൨ പിശാചു സിംഹകോപത്താൽ
സഞ്ചാരം ചെയ്യുന്നു
ഈ ലോകമൊക്കെ അവന്റെ
സ്വദേശം ആകുന്നു.

൩ ഹൃദയമാകും കോട്ടയിൽ
തൻ സഖി വാഴുന്നു
തൻ ഇഷ്ടം എല്ലാം അവിടെ
ഈ ജഡം ചെയ്യുന്നു.

൪ എന്നാലും ക്രിസ്തുവിന്റെ ആൾ
സൽ ധൈര്യപ്പെടുത്തി
യഹോവായിങ്കൽ ശക്തിയെ
വൈകാതെ തേടട്ടെ.

൫ വിശ്വാസത്താൽ നീ ജയിക്കും
കർത്താവു കല്പിച്ചു
വിശ്വാസം മൂലം മാർത്തൂർമാർ
സ്വർലോകം പ്രാപിച്ചു.

൭൮ 8. & 7. B.

൧ ദൈവത്തിന്റെ സ്നേഹം മൂലം
രക്ഷപെട്ട പാപി ഞാൻ
എന്നെപ്പോലെ ആരും ഉണ്ടൊ
കൃപയുടെ പൈതൽ ഞാൻ.

൨ പാപത്തിങ്കൽ ജനിച്ചവൻ
ശുദ്ധഹീനൻ അത്രെ ഞാൻ
യെശു എന്നെ സ്നേഹിച്ചിട്ട
കൃപയുടെ പൈതൽ ഞാൻ.

൩ യെശുവിന്റെ രക്തത്തിങ്കൽ
സ്നാനം ചെയ്ത പാപി ഞാൻ
ഇതിനാലെ പാപം നീങ്ങി
കൃപയുടെ പൈതൽ ഞാൻ.

൪ ശുദ്ധാത്മാവ വാസം ചെയ്യാൻ
ആശപ്പെട്ട പാർക്കും ഞാൻ
അവൻ എന്നെ പൂർണ്ണൻ ആക്കും
കൃപയുടെ പൈതൽ ഞാൻ.

൫ കൃപ കൃപ കൃപ എന്ന
സ്തുതിപാടും എന്നും ഞാൻ
രക്ഷ ഒക്കെ കൃപ മൂലം
കൃപയുടെ പൈതൽ ഞാൻ.

൭൯ P. M. B.

൧ ഭൂലോക സ്നേഹമെ
മാറിക്കൊൾക
മായയാം പാശയെ
വിടപ്പെട
വനം ഇതൾ ഇത
സ്വസ്ഥം അങ്ങു അയ്യൂ
യേശുവിൻ കൈ കാണ്ക
ഭയം വേണ്ട.

൨ അങ്ങു നീ പൊയ്ക്കൊൾക
എൻ ആത്മാവെ
അവിടെ വസിക്ക
സൎവ്വകാലെ
നാശമാം ലോകവും
മണ്ണാകും ദേഹവും
ആത്മാവ വിടണം
ശങ്ക വേണ്ട.

വ്യം

൩ സ്വപ്നങ്ങൾ പോകട്ടെ
രാത്രി വേണ്ട
ദിവ്യമാം മോക്ഷമെ
പകൽ അത
ഞാൻ കണ്ടിട്ടുള്ളത
അശേഷം വഞ്ചന
ലോകത്തിൻ പൂർണ്ണത
തൃപ്തി പോര.

൪ ജഡത്തിൻ പ്രിയമെ
വെക്കം പോക
നിത്യമാം മോക്ഷമെ
വന്നിരിക്ക
ആശ്വാസ നാളിനെ
ഞാൻ കണ്ടു കിട്ടട്ടെ.
സൽഭാഗ്യം വരട്ടെ
ക്രിസ്തുവിനാൽ.

L. M. B.

൧ ബാബേലിൻ നദി സമീപെ
യിസ്രായേൽക്കാരർ ദുഃഖിച്ചു
നിർബ്ബന്ധിക്കുന്ന പലരെ
താപേന അവർ ശാസിച്ചു.

൨ കർത്താവിൻ പാട്ട എങ്ങിനെ
നാം മറുനാട്ടിൽ പാടുന്നു
യെറുശലേമിൽ അല്ലാതെ
ആ പാട്ട നിന്ദ്യമാകുന്നു.

൩ നാശങ്ങളാം യെറുശലേം
ഞാൻ ദുഃഖത്തോടെ കാണുന്നു
സൽ കീർത്തിയാം ദെവാലയം
തീജ്വാല കൊണ്ട ചുടിച്ചു.

൪ യഹോവായാ[illegible]ണ്ടാകമെ
തന്റെ ജനത്തിൻ വീണ്ടെടുപ്പു
ബാബേലും പ്രതിക്രിയത്തെ
ആ നേരം അനുഭവിക്കും.

൫ യെറുശലേമിൽ ദാവീദും
തൻ പുത്രൻ മൂലം വാണിടും
ജനങ്ങളും അത്രെ കുമ്പിടും
എല്ലാത്തിൻ നാവ സ്തുതിക്കും.

൮൩ P. M.

൧ സെവ ചൈത തിന്നെല്ലാം
ദൈവമുമ്പിൽ എത്തി നാം
സ്വാതന്ത്ര്യം പ്രാപിക്കും
ഹാ എത്ര സന്തോഷം
സെവ ചൈത തിന്നപ്പോൾ.

൨ പട്ടട്ടത്തു നില്ക്കും ആർ?
ആട കുഞ്ഞിൻ ശിഷ്യന്മാർ
വിശുദ്ധ കൂട്ടക്കാർ
ഹാ എത്ര സന്തോഷം
പട്ടട്ടത്തു നില്ക്കുമ്പോൾ.

൩ ജീവന്റെ കിരീടങ്ങൾ
സ്വൎഗ്ഗതിൻ സന്തോഷങ്ങൾ
കിട്ടും തൻ ശിഷ്യൎക്കു
ഹാ എത്ര സന്തോഷം
ജീവന്റെ കിരീടങ്ങൾ.

---

൮൨ C. M. G.

൧ വാകത്തിട്ടുള്ള സ്നേഹമെ -
കൎത്താവിന്നിഷ്ടമൊ
ഒർ ആദിത്യൻ ൧൦൦ ഭ്രമിക്ക
നിനെക്ക രണ്ടുണ്ടൊ?.

വൃ൩

൨ നീ യേശുവിന്ന ശിഷ്യനായി
ഇരിപ്പാൻ ഇശ്ചിക്കിൽ
ഇശ്ചിക്കതെക്കതെന്തുണ്ടായി
ഠരം ലോകസ്നെഹത്തിൽ.

൩ നിൻ പാപം എല്ലാം മൂടുവാൻ
തൻ രക്തം വീണിതു
മനസ്സു പുതുതാക്കുവാൻ
തൻ വാക്കയച്ചിതു.

———o———

### കൎത്താവിന്റെ പ്രാൎത്ഥന.

വൃ൩ L. M. Hg.

൧ സ്വൎഗ്ഗത്തിലുള്ള പിതാവെ!
നിൻ നാമം ശുദ്ധപ്പെടട്ടെ:
എല്ലാടവും നിൻ രാജ്യത്തെ
സ്ഥാപിച്ചു വൎദ്ധിപ്പിക്കട്ടെ.

൨ ദൈവദൂതന്മാർ സ്വൎഗ്ഗത്തിൽ
ചെയ്യുപ്രകാരം എന്നുമെ,
നിൻ പൂൎണ്ണ ഇഷ്ടം ഭൂമിയിൽ
ഇപ്പോഴും ചെയ്യപ്പെടട്ടെ.

വൃര

൩ ആവശ്യമുള്ളതൊക്കയും
നീ ഇന്നും എന്നും തരിക:
ഞങ്ങളും ക്ഷമിച്ചത പോലെ
നീ ഞങ്ങളോട ക്ഷമിക്ക.

൪ ഓരൊരൊ പാപത്തിൽനിന്നും
നിൻ ദാസന്മാരെ സൂക്ഷിക്ക:
നിൻ വാഗ്ദത്ത പ്രകാരവും
സാത്താനിൽനിന്ന രക്ഷിക്ക.

൫ ആകയാൽ സവ്വശക്തിയും
മഹത്വം രാജ്യം ഒക്കെയും
നിന്റെത മാത്രം എന്നുമെ,
സ്വൎഗ്ഗത്തിലുള്ള പിതാവെ.

———o———

൭൦ സങ്കീൎത്തനം.

വൃര L. M. Hg.

൧ ദോഷ പ്രവൃത്തികളെയും
ചെയ്യാത്തവൻ എല്ലാവനും
കൎത്താവിൽ നിന്ന ഭാഗ്യത്തെ
കൈക്കൊള്ളും എന്നും എന്നുമെ.

൮൫

൨ തൻ പ്രിയം വേദവാക്യത്തിൽ
ഉണ്ടാകും, തന്റെ മനസ്സിൽ
വിശുദ്ധ വാക്യം കുറിച്ചും
താൻ എല്ലാപ്പൊഴും ധ്യാനിക്കും.

൩ വാടാത്ത വൃക്ഷം പോലെയും
താൻ ശുഭപ്പെട്ടു വൎദ്ധിക്കും:
യഹോവാ തന്നെ എപ്പോഴും
അനുഗ്രഹിച്ചു രക്ഷിക്കും.

൪ എന്നാൽ കണ്ടാലും ദുഷ്ടന്മാർ
നിശ്ചയം ശാപപ്പെട്ടവർ
എന്നേക്കും അവർ നശിച്ചു
നിരാശയോടെ വസിക്കും.

—o—

ക്രിസ്ത്യാനിയുടെ ആശ.

൮൬ L. M. Hg.

൧ ഈ ലോകത്തിൽ നാം പാൎക്കുമ്പോൾ
നാം കൂടെ കൂടെ പിരിയും
മേൽ ഭാഗ്യലോകം എത്തിയാൽ
നാം പിരിയാതെ വസിക്കും.

൨. ആ ഭാഗ്യലോകത്തുള്ളവർ
മുൻ ദുഃഖം രോഗം ഒക്കവെ
ഓൎക്കാതെ എന്നും സ്തുതിച്ചു
സന്തോഷപ്പെട്ടും എന്നമെ.

൩. അവരോട കൂടെ ദൈവം
എന്നന്നേക്കും വസിക്കും
കുഞ്ഞാട എന്നും മേയിച്ചു
ആശ്വാസത്തോടെ നടത്തും.

൪ യഹോവാ കണ്ണുനീർ എല്ലാം
തുവൎത്തി തീരെ കളയും
തൻ സ്നേഹം കൊണ്ട അവരെ
മഹത്വത്തിൽ താൻ നിറെക്കും.

൫ ഒരം കൃപ നാം വിചാരിച്ചു
എപ്പോഴും ധൈൎയ്യപ്പെട്ടുക
വിശ്വാസ പോര പൊരുതി
അനന്ത്യ ഭാഗ്യം ലഭിക്ക.

——o——

### ൧൦൦ാം സങ്കീൎത്തനം.

### സ്തുതി.

൮൬ 12 & 11s. IIg.

൧ മേൽസൈന്യങ്ങളോട മൎത്ത്യർ ഒരുമിച്ച
കൎത്താവായ ദൈവത്തെ വാഴ്ത്തീടുവിൻ
ആകാശം ഭൂലോകം മറ്റൊഃക്കയും കൂടെ
തൻ അത്ഭുതകൃപ എന്നും സ്തുതിപ്പിൻ.

൨ എല്ലാവൎക്കും ശ്വാസം ആഹാരം താൻ മാത്രം
സൌജന്യമായി നല്കി താൻ രക്ഷിക്കുന്നു:
തൻ പ്രിയജനങ്ങൾക്കും അധിക സ്നേഹം
എന്നും യേശു മൂലം താൻ കാണിക്കുന്നു.

൩ സംഗീതം കൊണ്ടും സന്തോഷം കൊണ്ടും
കൎത്താവിന്റെ സ്തുതിയെ ആൎത്തീടട്ടെ
ദൈവദൂതർ മേലും ഒരം ഭൂമിയിൽ നാമും
യഹോവായെ സ്തുതിക്കുമാറാകട്ടെ.

—o—

### പ്രസംഗത്തിന്ന പിമ്പ

൮൭ P. M. IIg.

൧ ദൈവമെ നിൻ സ്നേഹത്തോട
ഞങ്ങളെ വിട്ടയക്ക
നിന്റെ സമാധാനത്തോട
കൂടെ അനുഗ്രഹിക്ക
യാത്രക്കാരാം
ഞങ്ങളെ തണെപ്പിക്ക.

വൃവൃ

൫ സുവിശേഷ സ്വരത്തിന്നായി
നീ മഹത്വപ്പെടട്ടെ
നിന്റെ രക്ഷയുടെ ഫലം
ഞങ്ങളിൽ വൎദ്ധിക്കട്ടെ
എന്നെന്നേക്കും
ഞങ്ങളിൽ നീ വസിക്ക.

—o—

ഭാഗ്യദേശത്തെ കുറിച്ച.

വൃവൃ P. M. Hg.

൧ നൽദേശം ദൂരത്ത
മേൽ ആകുന്നു:
അങ്ങെന്നും ശുദ്ധന്മാർ
വസിക്കുന്നു
ഹാ! എല്ലാ സ്തുതിക്കും
യേശു യോഗ്യൻ എന്നേക്കും
വിടാതെ എല്ലാരും
കൊണ്ടാടുന്നു.

൨ ഠരം നല്ല ദേശത്ത
വരുവരു
താമസം എന്തിന്നു?
ശീഘ്രം വരു
ഹാ! ഭാഗ്യം ഒക്കെയും
നമുക്കെന്നും ലഭിക്കും!
കൎത്താവിനോടെയും
നാം വാഴുന്നു.

വ്വൻ

സ്വൎഗ്ഗത്തെ കുറിച്ച.

വ്വൻ P. M. Hg.

൧ ഇവിടെ നാം ദുഃഖിച്ച
കൂടെ കൂടെ പിരിഞ്ഞു
മേൽ പിരിച്ചിൽ ഇല്ല
അത ഭാഗ്യം ഭാഗ്യം
ഭാഗ്യം ഭാഗ്യം ഭാഗ്യം
അത ഭാഗ്യം ഭാഗ്യം
സ്വൎഗ്ഗത്തിൽ നാം കൂടുമ്പോൾ.

൨ യേശുവെ സ്നേഹിച്ചോരും
മരിച്ചിട്ട എന്നേക്കും
മോക്ഷത്തിങ്കൽ വാഴും
അത ഭാഗ്യം—ഇത്യാദി.

൩ മക്കൾ അമ്മയപ്പന്മാർ
മുമ്പെയുള്ള സ്നേഹിതർ
മേൽ ചേരും കൃപയാൽ
അത ഭാഗ്യം—ഇത്യാദി.

൪ എത്ര ഭാഗ്യം ലഭിക്കും
നാം എല്ലാരും എന്നേക്കും
കൎത്താവിനെ കാണും
അത ഭാഗ്യം—ഇത്യാദി.

സ്വൎഗ്ഗത്തെയും നരകത്തെയും കുറിച്ച.

൯൦ S. M. Hg.

൧ സന്തോഷം മേൽ ഉണ്ടു,
അതെന്നും ഇരിക്കും:
നിൎദ്ദോഷപൈതൽ മരിച്ച
അതനുഭവിക്കും.

൨ കെടാത്ത അഗ്നിയും
ഉണ്ടെന്ന നിശ്ചയം
അങ്ങെന്നും എല്ലാ ദുഷ്ടന്മാർ
വസിക്കയും വേണം.

൩ ഠരം പാപി എങ്ങിനെ
ആ ശാപം ഒഴിയും
അല്ലെങ്കിൽ ഏതു വഴിയിൽ
ആ ഭാഗ്യം ലഭിക്കും?

൪ ഞാൻ പാപം ഒഴിഞ്ഞ
തന്നോട പ്രാൎത്ഥിച്ചാൽ
കൎത്താവ എന്നെ സ്നേഹിച്ച
കൈക്കൊള്ളും കൃപയാൽ.

൯൧ 7.&6s. Hg.

൧ സീയോനിലെക്ക യെശു
താഴ്മയായ്വന്നു;
ഹോശാന അപ്പോൾ പാടി
പൈതങ്ങൾ ഘോഷിച്ചു:
താൻ നിരസപ്പെടാതെ
ആ സ്തുതി കൈക്കൊണ്ടു:
തന്നോട ഇരിപ്പാനും
കൎത്താവ കല്പിച്ചു.

൨ മോക്ഷത്തിങ്കൽ എന്നേക്കും
വാഴുന്നു എങ്കിലും
ഇപ്പോഴും രക്ഷിതാവെ
നമ്മെയും സ്നേഹിക്കും
തൻ കൊടിയെ നാം ചുററി
തൻ നാമം കീൎത്തിക്കും
ഹോശാന എന്ന പാട്ടു
നാം എന്നും ശബ്ദിക്കും.

---o---

൯൨ S. M. B.

൧ എൻ ആത്മ സ്നേഹിതാ
നീ പാപ മോചകൻ
എൻ പാപം തീരെ കഴുക
ഞാൻ മോക്ഷമുള്ളവൻ

൨ എൻ ഉള്ളം ഒക്കവെ
നിൻ ഗൃഹം ആക്കുക
കൃപാസനത്തിൻ നടുവെ
നീ പ്രാപിച്ചിരിക്ക.

൩ എൻ മനം ആയത
നിൻ പീഠം ആകട്ടെ
ഞാൻ പാപം ചെയ്യുതൊക്കയും
അതിൽ ദഹിക്കട്ടെ.

൪ എന്നെ നിൻ സ്വന്തമായി
നീ എടുക്കേണമെ -
സൎവസ്വം നിന്റെ ബലിയായി
ഞാൻ കാഴ്ച വെക്കട്ടെ.

൯൩ S. M. B.

൧ നാം ദൈവ കൃപയിൽ
പ്രശംസ ചെയ്യട്ടെ
തൻ കൃപ തന്റെ സഭയിൽ
ഉയരപ്പെടട്ടെ.

൨ ഠരം കൃപ മൂലമായി
നാം വീണ്ടും ജനിച്ചു
തൻ പുത്രരെന്ന പേരുമായി
തൻ കൃപ കല്പിച്ചു.

൩ ആത്മാവ കൃപയാൽ
താൻ തന്ന ഉള്ളിലെ
വിശുദ്ധൻ വാസം ചെയ്യുയാൽ
സൽ പ്രീതി അകമെ.

൪ ദരിദ്രരായ നാം
സമ്പാദ്യം ലഭിക്കും
തൻ കൃപ തന്റെ മോക്ഷമാം
സമ്മാനത്തെ തരും.

൫ നിൻ കൃപ ദൈവമെ
ഘോരം പാപികൾക്ക താ
നിൻ കൃപ നിന്ദിച്ചവരെ
നീ ക്ഷമിക്കുമൊ.

Peckham —o—

൯൪ S M. D.

൧ മഹാ വിശുദ്ധനെ
എൻ ആത്മം കാണുന്നു
അത്രുപിയായ അവനെ
ഞാൻ ആശപ്പെടുന്നു.

൨ തൻ ആലയത്തിലെ
ഞാൻ എന്നും വസിക്കും
സമ്പൂർണ്ണമായിട്ടാൻ അവിടെ
ആനന്ദം ലഭിക്കും.

൩ എൻ കണ്ണു സൂൎയ്യനിൽ
സന്തോഷപ്പെടുന്നു
എൻ യേശുവിൻ മഹത്വത്തിൽ
എൻ ആത്മം ആകുന്നു.

൪ വിശ്വാസം സ്വൎഗ്ഗത്തിൽ
കരേറി പ്രാപിക്കും
മുമ്മൂൎത്തിയായ ഏകനിൽ
പ്രസാദിച്ചിരിക്കും.

൫ കാണാതെ കൊണ്ടു ഞാൻ
സ്വലോകം തേടിടും
എൻ ആശ കണ്ടു ദൈവം താൻ
തൻ മോക്ഷത്തെ തരും.

൯൫ C. M. B.

൧ ദൈവത്തിന്റെ തിരു മുമ്പിൽ
നാം എല്ലാരും കൂടും
സ്തുതി ചെയ്യും ജനത്തിന്നു
തന്റെ ഇഷ്ടം വരും.

൨ അന്യ ജാതിക്കാൎക്കു ഇല്ല
ദിവ്യ അനുകൂലം
ക്രിസ്തുമതക്കാൎക്കെയുള്ളു
മോക്ഷത്തിന്റെ വരം.

൩ വിശ്വസിച്ചിട്ടുള്ള ജനം
യേശുവിൻ നിമിത്തം
ശത്രു ഭയം ഒഴിഞ്ഞിട്ടു
എന്നന്നേക്കും നില്ക്കും.

൪ വിധിനാളിൽ കൂടെ അവർ
തന്റെ കൃപ മൂലം
നീതിയിങ്കൽ ധരിച്ചിട്ടു
ധൈൎയ്യത്തോടെ ആകും.

൫ ദൈവ കൃപ ലഭിച്ചവർ
പാപം ചെയ്തു കൂടാ
ദൈവത്തിന്റെ ഭൃത്യന്മാൎക്ക
നടപ്പുത പോരാ.

—o—

൯൮ C. M. B.

൧ നിൻകൃപ എന്റെ ദൈവമെ
നിൻ കീൎത്തി ആകയാൽ
എൻ പാപം പൊറുക്കേണമെ
നിൻ കൃപ അതിനാൽ.

൨ എൻ ആത്മ ദുഃഖം കാണുക
എൻ കണ്ണു നീരെയും
ഞാൻ കൈ ഉയൎത്തി നിനക്ക
വിടാതെ കരയും.

൩ ഞാൻ കുററം ഏററ ക്ലേശമാം .
നിൻ ദുഷ്ട പാപിയെ
കടാക്ഷിച്ചിട്ട കൃപയാം
നീ ക്ഷമിക്കേണമെ.

൪ നിൻ പണ്ടെയുള്ള കൃപയെ
വിചാരിച്ചിട്ടുക
നീ അന്ന തന്ന കണക്കെ
ഇപ്പോഴും തരിക.

—o—

൯൭ L. M. B.

൧ പ്രകാശത്തിന്റെ പ്രഭുവെ
നിൻ വാക്ക കൊണ്ട മാത്രമെ
നീ ലോകത്തെ ഉണ്ടാക്കിച്ചു
ആശ്വാസമായും വസിച്ചു.

൨ ഃരം കാലത്തുള്ള മനുഷ്യൻ
അത്രപിയായ വഷളൻ
തൻ ഉള്ളം ഒക്കെ ഇരുട്ടും
തൻ ചിന്ത ഒക്കെ പാപവും.

൩ സൃഷ്ടാവ ആയ ദൈവമെ
ആത്മാവ കൊണ്ട പാപിയെ
പ്രകാശം ഉള്ളിൽ തന്നിട്ടും
നിൻ ദിവ്യ സൃഷ്ടി ആക്കണം.

൪ വിനീതിയും വിശുദ്ധവും
വിശേഷമുള്ള ജ്ഞാനവും
തൻ ഉള്ളിൽ തന്ന തന്നെയും
നിൻ സ്വന്ത രൂപം ആക്കണം.

——o——

൯൮ L. M. B.

൧ സൎവ്വജ്ഞനായ ദൈവമെ
ആശ്രയം നിന്റെ രക്ഷയെ
സാഷ്ടാംഗമായ്വീണു ഞാൻ വീഴുന്നു
എൻ സങ്കടം നീ കാണുന്നു.

൨ ആത്മാവിൽ ക്ഷീണിച്ചവനും
തൻ പാപം വഹിച്ചവനും
നിന്നോട മാത്രം കരയും
നിൻ കൃപയിൽ ആശ്രയിക്കും.

൩ നിൻ ദയയായ ആലയം
എല്ലാവൎക്കായിട്ടിരിക്കും
കൃപാസനത്തിൻ അരികെ
ഒരു പാപി കൂടെ പാൎക്കട്ടെ.

൪ ഞാൻ രക്ഷഹീനൻ എങ്കിലും
നിൻ ദയ എന്നെ കൈക്കൊള്ളും
നിൻ പുത്രൻ മൂലം ആശയെ
എൻ ഉള്ളിൽ ഇന്നുണ്ടാകട്ടെ.

cccccyrryuntz -

൯൯ L.M. B.

൧ സല്ക്കാലം ഇത ആത്മാവെ
വൃഥാലെ കളയരുതെ
കൎത്താവിൻ ഇഷ്ടം ഒക്കെയും
നീ ചെയ്തു രക്ഷപ്പെടണം.

൨ ശരം നാളെ ഉള്ള മൎത്യൎക്ക
നിൻ ആത്മ രക്ഷ തേടിട
മൃത്യുവിൻ ആലയത്തിലെ
വിമോക്ഷമില്ല ആൎക്കമെ.

൩ വെട്ടീട്ട മരം എങ്ങായൊ
അതേതിലോട്ട വിഴുകയൊ
നീങ്ങാതെ കിടന്നിരിക്കും
ആത്മാക്കളുടെ സദൃശം.

൪ എന്നാൽ എൻ കൈ നീ ചെയ്യുകയൊ
എൻ ആത്മം നീ ധ്യാനിക്കയൊ
അതൊക്കെ ശീഘ്രം ചെയ്യണം
അല്ലാതെ നാശം ഭവിക്കും.

൫ കൎത്താവ ഇന്ന തന്നീടും
തൻ കൃപയെ എല്ലാവൎക്കും
നിഷേധിച്ചോൎക്ക വിധിയെ
സംഭവിക്കും ആ നാളിലെ.

൧൦൦ L. M. B.

൧ നീ മായ തന്നെ ലോകമെ
ഇല്ലായ്മ അത്രെ നിന്നിലെ
നിൻ മാനം ശക്തി മഹത്വം
ഉപായത്താൽ അശേഷവും.

൨ വിശ്വാസ കണ്ണ മേലിലെ
സ്വലോകം ഉണ്ട അവിടെ
വിശുദ്ധന്മാൎക്കും പിന്നീട്ടും
ആനന്ദം അനുഭവിക്കും.

൩ ആ ലോകം എന്നും ഇരിക്കും
വാടാതെ തൻ മഹത്വവും
വിശുദ്ധ ദൂതൻ കീൎത്തനം
അനന്ത്യമാം മനോഹരം.

൪ കൎത്താവിൻ ദിവ്യ ശോഭയെ
നാം കണ്ട കണ്ട തന്നിലെ
സല്പ്രിയം പൂണ്ടു എപ്പോഴും
ആ പ്രിയം വൎദ്ധിച്ചാസ്സതം

—o—

൧൦൧ L. M. B.

൧ താൻ പാപ കൂട്ടം കൈക്കൊണ്ടു
എന്ന്യെർ ദൂഷ്യം പറഞ്ഞു
അസത്യ വാക്ക അല്ലത
സന്തോഷമാം തൻ വസ്തുത.

൨ കാണാതെ പോയ ആടിനെ
കണ്ടെത്തുവാൻ വനത്തിലെ
സഞ്ചാരം ചെയ്യും മനുഷ്യൻ
എന്നതുപോൽ ഈ രക്ഷകൻ.

൩ നിർഭാഗ്യരായ ദീനക്കു
ആവശ്യം വൈദ്യൻ എന്നുള്ളു
എന്നതുപോൽ ആത്മാക്കൾക്കും
കർത്താവിൻ കൃപ ഔഷധം.

൪ താൻ പാപികൾക്ക സ്നേഹിതൻ
എന്നാലും പാപ ദ്വേഷകൻ
ഉള്ളിൽ വിശുദ്ധം തന്നിട്ടു
പിന്നാലെ തൻെറ മോക്ഷവും.

—o—

൧൦൨ L. M. B.

൧ നാം ദൈവത്തിൻെറ പുത്രന്മാർ
എന്നിപ്പോൾ ചൊല്ലി വരുന്നു
മേലാൽ ഉണ്ടാകും മാനത്തെ
നാം അറിയാതിരിക്കുന്നു.

൨ താൻ വെളിപ്പെട്ടു വരുമ്പോൾ
മഹത്വം ഏറെ ധരിക്കും
നാം കണ്ട കണ്ട അതിനാൽ
സാദൃശന്മാരും ഭവിക്കും.

൩ ഭരം ആശ പൂണ്ടിട്ടുള്ളവൻ
വിശുദ്ധിയോട നടക്കും
ഭൂലോകം വിട്ട പോയിട്ട
തൻ മോക്ഷത്തിൽ പ്രവെശിക്കും.

൪ വിശുദ്ധമുള്ള ജനത്തെ
ഗ്രഹിക്കയില്ല പലരും
എന്നാലും ദൈവം പ്രിയത്തിൽ
തൻ മക്കൾ എന്ന വിളിക്കും.

---

൧൦൩ 8s. & 7s. B.

൧ രക്ഷിതാവ നിനക്കില്ല
എന്ന ശത്രു പറയും
അപ്പോൾ ഞാനും എന്റെ ഉള്ളിൽ
ദുഃഖത്തോടെ ഞരിക്കും.

൨ പാപം എറെ ഉണ്ട എന്ന
സത്യമാൎഗ്ഗാൻ ബോധിച്ചു
എന്നാൽ രക്ഷിതാവ തന്നെ
എന്റെ പാപം വഹിച്ചു.

൩ ശത്രു എന്റെ പിറകോട്ട
നാണിച്ചിട്ട പോകടൊ
നിന്റെ ദ്വേഷ്യ കൊണ്ട തന്നെ
എന്നെ വഞ്ചിച്ചിടുമൊ

൪ രാജനായ രക്ഷിതാവ
മേൽ ലോകത്തിൽ വാഴുന്നു
ശത്രുഭയം എന്നിൽനിന്നു
എന്നും അവൻ നീക്കുന്നു.

---

൧൦൪ 8s. & 7s. B.

൧ മോശെ മൂലം ദൈവം തന്നു
നീതിയുള്ള കല്പന
യേശു ക്രിസ്തു മൂലം വന്നു
ദിവ്യമുള്ള കരുണ.

൨ അത ചെയ്യിൻ എന്നാൽ നിങ്ങൾ
അതിനാലെ ജീവിക്കും
ഇത ലഭിച്ചിട്ട നിങ്ങൾ
മരിച്ചാലും ജീവിക്കും.

൩ ഹീനന്മാരെ ക്രിസ്തു മൂലം
ദൈവ കൃപ ലഭിപ്പിൻ
ഇന്ന തന്നെ മനോതാപം
തന്നിൽനിന്നും യാചിപ്പിൻ.

൪ മോശ മൂലം നീതിയില്ല
തൻ പ്രമാണം ശപിക്കും
യേശു നീതി തന്നെ അല്ലൊ
ശാപം അവൻ കളയും.

൧൦൫ 8s. & 7s. B.

൧ സുഖ ദുഃഖ മുതലായ
ഇഹ ലോക കാൎയ്യത്തിൽ
എന്റെ ദൈവത്തിന്റെ സ്മൃതി
ആകും എന്റെ മനസ്സിൽ.
൨ ദുഃഖിക്കുന്ന പാപപ്പെട്ട
ഭാഗ്യഹീന സൎവ്വരും
എന്റെ സൌഖ്യം അറിഞ്ഞിട്ട
കൂടി തന്നെ സ്തുതിക്കും.
൩ സ്വസ്ഥമാക്കപ്പെട്ട എന്നെ
കണ്ട ബോധിച്ചവരും
കീൎത്തിട്ടുള്ള കൃപ കൊണ്ട
സ്വരൊട പറയും.
൪ ദുഃഖിക്കുന്ന ഹീനന്മാരെ
യേശു എന്ന രക്ഷകൻ
സൎവ്വശക്തിയുള്ള ദൈവം
അവനിൽ ആശ്രയിപ്പിൻ.

———o———

൧൦൬ 8s. & 7s. B.

൧ ശുദ്ധമുള്ള പൎവ്വതത്തിൽ
തന്റെ വാസം ആകുന്നു
യാക്കോബിന്റെ സൎവ്വ ദിക്കിൽ
സിയോൻ ശ്രേഷ്ഠമാകുന്നു.

൭ സീനായ്ക്കു തന്റെ ന്യായം
ദൈവം തന്നെ കല്പിച്ചു
സീയോൻ തന്റെ സുവിശേഷം
ആദ്യം പരിഗ്രഹിച്ചു.

൮ സാക്ഷാൽ സീയോൻ ദൈവസഭ
അത എന്നും ഇരിക്കും
സാത്താൻ തന്റെ ബലം കൊണ്ടു
വൃഥാൽ ഉപദ്രവിക്കും.

൯ കൂടെ എന്നും ഞാൻ ഉണ്ടാകും
യെശു കല്പിച്ചതിനാൽ
തന്റെ സഭക്കാർ എല്ലാരും
നിലനില്ക്കും കൃപയാൽ.

—o—

൨൦൭ 7s. B.

൧ വിധി നാൾ സമീപിച്ചു
താമസിക്കയില്ലിനി
പാപം ഏറ്റം വർദ്ധിച്ചു
ന്യായ വിധി ഒത്തക്കി.

൨ അന്ത്യ കാലം ആകയാൽ
പാപ കൂട്ടർ വിറെക്കും
എന്നാൽ ഇപ്പോൾ പ്രാൎത്ഥിച്ചാൽ
ഉടൻ ദൈവം ക്ഷമിക്കും.

൩ യോഗ്യം വേണം എന്നാകിൽ
യോഗ്യമില്ല ആൎക്കുമെ
ക്രിസ്തു തന്റെ രക്തത്തിൽ
യോഗ്യർ ആക്കും നിങ്ങളെ.

൪ വിശ്വസിപ്പിൻ അവനിൽ
പാപമുള്ള ജനമെ
വിശ്വസിക്കും കാലത്തിൽ
ക്ഷമിച്ചിടും നിങ്ങളെ.

---

൧൦൮ 7s. B.

൧ കാറുകൊള്ളും അത പോൽ
ദുഃഖത്തിന്റെ ഭാരകോൾ
കൂടും ഒരു മനസ്സിൽ
ദൈവത്തിന്റെ ശിക്ഷയിൽ.

൨ മഴ പെയ്യും കാലത്ത
ദാഹം തീരും ഭൂമിക്ക
അത പോൽ ആത്മാവിന്നും
കൃപ മൂലം ലഭിക്കും.

൩ ഇടി വെട്ടി കേൾക്കയാൽ
മൎത്യർ വീഴും ഭയത്താൽ
വിധി നാളിൽ യേശുവെ
എന്നെ രക്ഷിക്കേണമെ.

൪ സൂൎയ്യ രശ്മി പിന്നീട്ടം
സുഖമാസ്പ്രകാശിക്കം
അന്ന വീണ്ടും തെളിയും
ദുഃഖ ഭാവ സൎവ്വതഃ.

——o——

൧൦൯ P. M. B.

൧ ദയാപരനാം എൻ ഇടയനെ
നിൻ ജനം കാണ്‌ക നിൻ കൃപയോടെ
നിൻ രക്ഷണത്തിൽ ആശ്രയംപൂണ്ടു
ആ രക്ഷ അവർ പ്രശംസിക്കുന്നു.

൨ നീ വചനത്തെ ആഹാരം ആക്കി
നൽ മേച്ചിലിങ്കൽ നിൻ ജനം തിററി
നിൻ കയ്യിലും എടുത്തു കുഞ്ഞുങ്ങളെ
നീ വിട്ടയച്ചു സൽ വരത്തോടെ.

൩ ദുർമ്മറിവ ഏററ ദീനക്കാരും
നല്ലൌഷധം കിട്ടും സൎവ്വകാലം
സുഗന്ധതൈലം ഇപ്പോൾ കിട്ടുമെ
സംകീൎത്തിപ്പെട്ട ഗ്ലിയാദ ദേശെ.

൪ ആവിശ്യക്കാര വിഷാദം വേണ്ടാ
ഒരം ഇടയനിൽ ഉപേക്ഷ വരാ
പരാപരനായി സ്വൎഗ്ഗത്തിങ്കലും
തൻ ജന കൂട്ടെ താൻ എന്നും ഓൎക്കും.

## പൈതങ്ങൾക്ക വേണ്ടിയുള്ളവ.

---

### രാജാവിന വേണ്ടിയുള്ള പ്രാൎത്ഥന.

൧ ദൈവമെ കേൾക്കുക
നിൻ വരം നൾകുക
രാജാവിന
അവനെ സ്നേഹിക്ക
അവനെ രക്ഷിക്ക
നിൻ കയ്യിൽ സൂക്ഷിക്ക
രാജാവിനെ.

൨ സൽ ബുദ്ധി ഏറ്റവും
വൎദ്ധിച്ചു വരണം
രാജാവിന
ദയയും പ്രാപ്തിയും
മാനവും ശക്തിയും
എല്പ്പൊഴും കിട്ടണം
രാജാവിന.

൩ ശത്രുവിൻ ഭയവും
ഇല്ലാതെ ആകണം
രാജാവിന
ശരീര സൌഖ്യവും
സംപൂർണ്ണ ദ്രവ്യവും
എന്നും ഉണ്ടാകണം
രാജാവിന.

൪ നിന്നിൽ ആശ്രയവും
മാറാതെ വരണം
രാജാവിന
ദൈവത്തിൻ പ്രിയവും
ജനത്തിൻ ഭക്തിയും
എന്നും ഇരിക്കണം
രാജാവിന.

—o—

P. M. B.

പിതാവിൻ തിരുമനസ്സ
തൻ പുത്രനോട കല്പിച്ചു
സ്വർലോകർ കേട്ട എല്ലാരും
കൊണ്ടാടി പാടി ആയത
കേൾ എൻ പുത്ര നീ എന്നും വാഴുക
ത്രിലോകം നിന്റെ തനത.

൧ നാം ദൈവത്തോട പ്രാൎത്ഥിക്ക
ആയത നന്ന നന്ന
നാം ദൈവ നാമം സ്തുതിക്ക
ആയത നന്ന നന്ന
നാം മുമ്പെ അറിഞ്ഞില്ലല്ലൊ
ദൈവത്തിൻ സവ് നന്മ
ഇപ്പോൾ നാം കണ്ടിട്ടുണ്ടല്ലൊ
ആയത നന്ന നന്ന.

൨ സന്തോഷത്തോടെ സേവിക്ക
ആയത നന്ന നന്ന
സൽബോധത്തോടെ സ്നേഹിക്ക
ആയത നന്ന നന്ന
ംരം ജന്മ കാലം ഒക്കെക്ക
തൻ ഇഷ്ടം ചെയ്യും കൊണ്ട
നിൎഭയത്തോടെ മരിക്ക
ആയത നന്ന നന്ന.

൩ ആകാശ രാജ്യം വരുന്നു
ആയത നന്ന നന്ന
ആകാശ മോക്ഷം വരുന്നു
ആയത നന്ന നന്ന

നാം മരിച്ചിട്ടു ജീവിക്കും
യേശുവിൻ കൃപ കൊണ്ടു
എന്നേക്കും അന്ന വസിക്കും
ആയത നന്ന നന്ന.

൪ ൟ ആയുസ്സിന്റ നാൾ കഴിയും
ആയത നന്ന നന്ന
ൟ കാലം അവസാനിക്കും
ആയത നന്ന നന്ന
ആദിത്യ ചന്ദ്ര നക്ഷത്രം
ഇല്ലാതെ പോകും അന്ന
എൻ ആത്മം എന്നും ജീവിക്കും
ആയത നന്ന നന്ന.

—o—

COTTAYAM:

*Printed at the Church Mission Press,* 1855

This book
belonged to
Henry Baker
Senior